കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1769/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി: 15.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:- മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-187സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1769/2018 തിയ്യതി: 15.12.2018

## തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11-08-17 മുതൽ 22-10-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-10-18 മുതൽ 03-11.18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലത.എം.എൻ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | കെ.എം.ഷാജിത അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽ.പി.ബി. അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ജീജോ ജോബ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | കാലയളവ് | പേര് |
|---|---|---|
| പ്രസിഡന്റ് | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീമതി. ബിന്ദു ബെന്നി |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീ. കെ.എച്ച് സുഭാഷ് |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീ.പി.എൻ ഉണ്ണികൃഷ്ണൻ |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീമതി. ഷിജി സുനിൽകുമാർ |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീമതി.നിമ്മി ജോസ് മണി |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| സെക്രട്ടറി | ശ്രീ.ആർ. സുബ്രമണ്യൻ അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 01/04/2017 മുതൽ 27/04/2017 വരെ |
| | ശ്രീ. രവികുമാർ | 28/04/2017 മുതൽ 07/06/2017 വരെ |
| | ശ്രീമതി.മിനിചന്ദ് ആർ. | 08/06/2017 മുതൽ 31/03/2018 |

| | | |
|---|---|---|
| | | വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| | | |
|---|---|---|
| കൃഷി ഓഫീസർ | രേഖ സി ആർ | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അനൂപ് പി എൻ | 01-04.2017 മുതൽ 05-10-2017 വരെ |
| | ശ്രീ.കെ.കെ.രാജീവ് | 06-10-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ശ്രീരാജ്.വി. | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബിന്ദു.പി.നായർ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.പ്രശാന്ത് | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനൂജ അലക്സ് | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ ( പൂമല സർക്കിൾ) | ശ്രീ.ദീപക് പി ഗോകുൽ | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ (കിള്ളന്നൂർ സർക്കിൾ) | ശ്രീമതി.ഷീജ.പി.ടി. | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആർ. സുബ്രമണ്യൻ | 01.04.2017 മുതൽ 15.06.2017 FN വരെ |
| | ശ്രീ.രാമചന്ദ്രൻ.വി | 15.06.2017 AN മുതൽ 07.07.2017 FN വരെ |
| | ശ്രീമതി.അനിത.ടി.സി. | 07.07.2017 AN മുതൽ 31.3.2018 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.സഹീറ.പി.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുഷമ.സി.വി. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| | ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ബജറ്റ് രൂപീകരണത്തിലും ബജറ്ററി നിയന്ത്രണത്തിലുമുള്ള അപാകതകൾ | 2-1 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ | 2-2 |
| 15 | വസ്തുനികുതി സംബന്ധിച്ച് | 2-3 |
| 16 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-4 |
| 17 | ഡി & ഒ ലൈസൻസ് സംബന്ധിച്ച പൊതു അപാകതകൾ | 2-5 |
| 18 | ലൈഫ് മിഷൻ- ഭവനനിധി രൂപീകരണം- ഭരണസമിതി തീരുമാനം നടപ്പിലായിട്ടില്ല | 2-6 |
| 19 | ഇ.കെ നായനാർ ഭവനനിർമ്മാണപദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് കെട്ടിടനമ്പർ അനുവദിച്ചിട്ടില്ല | 2-7 |
| | ഭാഗം-3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം- അർഹതയില്ലാത്ത ഗുണഭോക്താവിന് അനുവദിച്ചു. | 3-1 |
| 21 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ | 3-2 |

| | | |
|---|---|---|
| | വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു. | |
| 22 | സ്ഥലലഭ്യത ഉറപ്പാക്കാനായില്ല. പകൽവീട് നിർമ്മാണം, പകൽവീട്ടിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികളുടെ പദ്ധതി വിഹിതം ലാപ്സായി. | 3-3 |
| 23 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-4 |
| 24 | അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. | 3-5 |
| 25 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-6 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-7 |
| 27 | ലീഗൽ ചാർജ്ജിന് ആദായനികുതി ഈടാക്കിയില്ല | 3-8 |
| 28 | പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പുകൾക്ക് രണ്ടു നിരക്ക് | 3-9 |
| 29 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് ഏൽപ്പിക്കേണ്ടതാണ് | 3-10 |
| 30 | ഗ്രാമ പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള KL-08-BA5490 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 3-11 |
| 31 | ഇ.കെ നായനാർ ഭവനപദ്ധതി-പരാമർശങ്ങൾ | 3-12 |
| 32 | ജില്ലാ/ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ഇല്ല | 3-13 |

| | | |
|---|---|---|
| 33 | തടപറമ്പ് ഉദയനഗർ പൈപ്പ് ലൈൻ കുടിവെള്ള പദ്ധതി-കരാർ തീയതിക്കു മുമ്പേ തുക കൈമാറി-തുടർപ്രവർത്തികൾക്ക് പ്രൊജക്ട് ഏറ്റെടുത്തിട്ടില്ല | 3-14 |
| 34 | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ്-രേഖകളില്ലാതെ തുക അനുവദിച്ചു | 3-15 |
| 35 | എസ്.എസ്.എ- സർക്കാർ സ്കൂളുകൾ ഇല്ലെങ്കിലും വിഹിതം അനുവദിക്കുന്നു- നടപ്പാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയില്ല. | 3-16 |
| 36 | കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക അടവാക്കി | 3-17 |
| 37 | തെരുവു വിളക്ക് പരിപാലനം- അപാകതകൾ | 3-18 |
| 38 | പെയിൻ & പാലിയേറ്റീവ് ഹോംകെയർ വാഹനവാടക-ക്വട്ടേഷൻ തുക പരിഗണിക്കാതെ ദിവസവാടക അനുവദിച്ചു. | 3-19 |
| 39 | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ-ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-20 |
| 40 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു | 3-21 |
| 41 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-അർഹമായ തുക വകയിരുത്തിയിട്ടില്ല | 3-22 |
| 42 | വാഴകൃഷി വികസനം-സബ്സിഡിയുടെ പരിധിയിൽ അധികരിച്ച് തൈകൾ വിതരണം ചെയ്തു | 3-23 |
| 43 | കിണർ റീചാർജിംഗ്-അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ചു | 3-24 |
| 44 | പാടശേഖരസമിതികൾക്ക് ട്രാക്ടർ-പരാമർശങ്ങൾ | 3-25 |

| | | |
|---|---|---|
| 45 | കാർഷികമേഖലയിലെ പ്രൊജക്ടുകൾ-തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെടേണ്ടതാണ് | 3-26 |
| 46 | റോഡ് പ്രവൃത്തികൾ ഭാഗികമായി ചെയ്തു | 3-27 |
| 47 | പൊതുശ്മശാനം നവീകരണം (ഗ്യാസ് ക്രിമറ്റോറിയം)പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-28 |
| 48 | റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല,റോഡ് പൂർണമായി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നില്ല | 3-29 |
| 49 | പൊതുമരാമത്തുപ്രവൃത്തികൾ -അവലോകനം | 3-30 |
| 50 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് | 3-31 |
| 51 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-32 |
| | ഭാഗം – 4 | |
| 52 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 53 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 55 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 56 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 57 | ഓഡിറ്റ് റിക്കവറി | 4-6 |
| 58 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 59 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 61 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 62 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |

| | | |
|---|---|---|
| 63 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം –2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| തീരുമാന നമ്പർ | 1(1) |
| തിയതി | 27/03/2017 |
| വരവ് | 956,72,716 |
| ചെലവ് | 943,63,148 |
| പുതുക്കിയ തീയതി | 19/03/2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | - | 12.06.18 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-2018 & 21-06-18 | കെ.എസ്.എ.ടി.എസ്.ആർ (ഇ3)1150/18(30) തീയതി 04.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 87,43,172.30 |
| വരവ് | 57,301,541.00 |
| ആകെ | 6,60,44,713.30 |
| ചെലവ് | 5,90,47,257.00 |
| നീക്കിയിരിപ്പ് | 69,97,456.30 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 11139000 | 11139000 | 9574249 | 1564751 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 3330965 | 3330965 | 2014690 | 1316275 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 50979 | 50979 | 29879 | 21100 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 14016000 | 14016000 | 13326691 | 689309 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 2591001 | 2591001 | 2507591 | 83409 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 5230599 | 5230599 | 5209307 | 21292 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2302922 | 2302922 | 1121698 | 1181224 |
| ദുരിതാശ്വാസനിധി | | 2883 | 4000 | 6883 | - | 6883 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 3128000 | 3128000 | 3128000 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 160589 | 1150339 | 1310928 | 1301480 | 9448 |
| | മെറ്റീരിയൽ | | 1116000 | 1116000 | 1116000 | |
| | ആകെ | 160589 | 5394339 | 5554928 | 5545480 | 9448 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 12 | 1130000 | 1130012 | 1117669 | 12343 |
| | ജില്ലാ പഞ്ചായത്ത് | 131544 | 900000 | 1031544 | 669531 | 362013 |
| തനത് ഫണ്ട് | | 6063282 | 3587469 | 9650751 | 6025320 | 3625430 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 304 | 79988291 | 196 | 37950188 | 0 | 108 | 64.47% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 16 | 5212502 | 2566548 | 49.23 |
| വെറ്ററിനറി സർജൻ | 6 | 6 | 1657500 | 774090 | 46.70 |
| മെഡിക്കൽ ഓഫീസർ | 10 | 8 | 1545000 | 1090570 | 70.58 |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.സി | | | | | |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100000 | 100000 | 100% |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 700000 | 690272 | 98.61 |
| വി. ഇ.ഒ | 4 | 3 | 9439400 | 1252400 | 13.26 |
| ഐ.സി.ഡി.എസ് | 10 | 8 | 4106341 | 3546018 | 86.35 |
| സെക്രട്ടറി | 51 | 33 | 14378745 | 7102331 | 49.39 |
| വി.ഇ.ഒ | 2 | 2 | 856000 | 755900 | 88.30 |
| അസി. എഞ്ചിനീയർ | 181 | 105 | 37277803 | 18504102 | 49.63 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 700000 | 600643 | 85.80 |
| അസി.സെക്രട്ടറി | 19 | 10 | 79988291 | 37950188 | 47.44 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 160589 | 1150339 | 1310928 | 1301480 | 9448 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 3128000 | 3128000 | 3128000 | - |
| മെറ്റീരിയൽ | - | 1116000 | 1116000 | 1116000 | - |
| ആകെ | 160589 | 5394339 | 5554928 | 5545480 | 9448 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവുകൾ വാർഷിക കണക്കിലെ RP&IE തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 57240 | 128 |
| കർഷകതൊഴിലാളി | 3016400 | 217 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 1,01,09,400 | 858 |
| വാർദ്ധക്യകാലപെൻഷൻ | 1,36,83,900 | 1124 |
| വികലാംഗപെൻഷൻ | 24,56,300 | 198 |
| അവിവാഹിത പെൻഷൻ | 13,19,700 | 117 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2,40,000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ₹16,580/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. 8.3.17 ലെ പൊതുഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്ന നിർദ്ദേശം ഉയർത്തിയിട്ടുണ്ട്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ മിക്കതിലും കുറവാണ്. ഓഫീസ് ഉത്തരവ് പ്രകാരം വിവിധ ഉദ്യോഗസ്ഥർക്ക് ചുമതലകൾ വീതിച്ച് നൽകിയിട്ടുണ്ടെങ്കിലും മേൽനോട്ട ചുമതല കൂടി കൃത്യമായി നിർവ്വഹിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതിയിലെ ഡിമാന്റ് കണക്കുകൾ സഞ്ചയയുമായി പൊരുത്തപ്പെടാത്ത സാങ്കേതിക പ്രശ്നം പരിഹരിക്കപ്പെടാതെ അവശേഷിക്കുകയാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതം സോഫ്റ്റ്‌വെയറിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് തറ വിസ്തീർണ്ണത്തിനു പകരം പ്ലിന്ത് ഏരിയയാണ് അടിസ്ഥാനമാക്കുന്നത്. സാങ്കേതിക പ്രശ്നങ്ങൾ ഉന്നതാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തതിനാൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടാകുന്നത് പരിഹരിക്കേണ്ടതും, വെള്ളക്കരമിനത്തിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-09-18 മുതൽ 14-09-18 വരെ | ആഗസ്റ്റ്-2018 | 15-09-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/2011 | 2006-07 മുതൽ 2010-11 വരെ | 16-05-2011 |

# 1-12 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1)പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകളുടെ തുക 'കാലാവധി കഴിഞ്ഞ ചെക്കുകൾ' (liability in respect of stale cheque) എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

| ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|
| TSCB 30295, തനത് ഫണ്ട് | 185006/ 15.01.16 | 300 |
| | 190136/ 07.04.16 | 300 |
| | 210143/ 06.07.17 | 100 |
| | 210242/ 06.07.17 | 500 |
| | 211163/ 04.08.17 | 1110 |
| | 211168/ 17.08.17 | 500 |
| കനറ ബാങ്ക് - 33161- NB അക്കൗണ്ട് | 508797/ 30.05.17 | 1000 |
| | 508799/ 30.05.17 | 5000 |
| | 1991279/ 02.05.17 | 361 |
| | 170932/ 22.04.17 | 1350 |

2. ട്രഷറി ഓൺഫണ്ട് VPFA 1-2 അക്കൗണ്ടിൽ 31.03.18-ന് 47578/- രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ കണക്കിൽ (ബാങ്ക് ബുക്കിൽ) ഉൾപ്പെടാതെ ബാങ്കിൽ നിന്നും നേരിട്ട് മേൽ

പറഞ്ഞ തുകകൾ ചെലവു വന്നതിന് കാരണം വ്യക്തമല്ല.

3. കാനറ ബാങ്ക് - 33161 അക്കൗണ്ടിന്റെ മാർച്ച് 2018-ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ, cheque deposited but not collected എന്ന ഹെഡ്ഡിൽ താഴെ പറയുന്ന തുകകൾ കാണുന്നു.

| ചെക്ക് നമ്പർ/ വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|
| 571970/ 05.04.17 | 4,000 |
| 147914/ 25.02.17 | 30,750 |
| 31700157/ 19.8.17 | 11,290 |
| 31700246/ 27.10.17 | 598 |

ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ജനറൽ പർപ്പസ് ഗ്രാന്റ് വരവ് വാർഷിക കണക്കിലും സാംഖ്യ അപ്രോപ്രിയേഷൻ രജിസ്റ്ററിലും വ്യത്യാസമുണ്ട്.

വാർഷിക കണക്കിലെ തുക = 67,33,000/-

സാംഖ്യ ACR-ലെ തുക = 68,08,350/-

അവസാന ഗഡുവായ 75,350/- രൂപ ലഭിക്കാത്തതാണ് വ്യത്യാസത്തിനു കാരണം.

5. സ്റ്റോക്ക് രജിസ്റ്ററിൽ 31.03.2018-ന് തെരുവു വിളക്ക് സാമഗ്രികൾ നീക്കിയിരിപ്പുണ്ട്. ആയതിന്റെ മൂല്യം കണക്കാക്കി സാക്ഷ്യപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. 31.03.2017-ലെ ബാലൻസ്ഷീറ്റിൽ B-14 ഷെഡ്യൂളിൽ 20,616/- രൂപയുടെ സ്റ്റോക്ക് ഇൻ ഹാന്റ്-സ്റ്റോഴ്സ് ഉള്ളത് 31.03.2018 തീയതിയിലെ ബാലൻസ്ഷീറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

7. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ വസ്തു നികുതി അരിയർ ഡിമാന്റ് കണക്കുകൾ സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | | സാംഖ്യ | സഞ്ചയ | |
|---|---|---|---|---|
| റസിഡൻഷ്യൽ | അരിയർ ഡിമാന്റ് | 25,16,141 | 21,32,626 | |
| റസിഡൻഷ്യൽ | കളക്ഷൻ | 13,46,481 | 13,46,481 | വ്യത്യാസമില്ല |
| റസിഡൻഷ്യൽ | കറണ്ട് ഡിമാന്റ് | 20,23,706 | 20,23,706 | വ്യത്യാസമില്ല |
| റസിഡൻഷ്യൽ | കളക്ഷൻ | 16,33,466 | 16,33,466 | വ്യത്യാസമില്ല |
| നോൺ റസിഡൻഷ്യൽ | അരിയർ ഡിമാന്റ് | ഇല്ല | 29,92,450 | |
| നോൺ റസിഡൻഷ്യൽ | കളക്ഷൻ | 12,56,730 | 12,56,730 | വ്യത്യാസമില്ല |

| | | | |
|---|---|---|---|
| | കറണ്ട് ഡിമാന്റ് | 22,91,808 | 22,91,808 |
| | കളക്ഷൻ | 16,03,054 | 16,03,054 |

8. വാർഷിക കണക്കിലെ ഐ-18 ഷെഡ്യൂളിൽ prior period income-property tax on non-residential building – ഇനത്തിൽ (-) 22,64,127/- രൂപ കാണുന്നു. ആയതിന്റെ ലെഡ്ജറിൽ 28,32,790/- രൂപ വരവായും 68,663/- രൂപ ചെലവായും കാണുന്നു.

മേൽ പറഞ്ഞ പ്രകാരമുള്ള എൻട്രികളുടെ സാംഗത്യം വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

9. വാടക അരിയർ ഡിമാന്റ്, ബാലൻസ് തുകകളിൽ വ്യത്യാസം കാണുന്നു.

| | വാർഷിക കണക്ക് | രജിസ്റ്റർ |
|---|---|---|
| അരിയർ ഡിമാന്റ് | 373195 (31.03.17 ബാലൻസ്ഷീറ്റ് പ്രകാരം) | 412797 |
| കളക്ഷൻ | 226725 | 226725 |
| ബാലൻസ് | 146470 (31.03.18 ബാലൻസ്ഷീറ്റ് പ്രകാരം) | 186072 |

10. വാർഷിക കണക്കിനൊപ്പമുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും റസീറ്റ്&പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള net cash generated = (-) 33,47,597

റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസം = (-) 17,45,716

11. അഡ്വാൻസ് രജിസ്റ്റർ പ്രകാരം സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണോദ്യോഗസ്ഥർ 2017-18 വർഷം 10,48,025/- രൂപയുടെ ഡെപ്പോസിറ്റ് വർക്കുകൾ നടത്തിയിട്ടുണ്ട്. ആയതിന് തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ടി തുക വാർഷിക കണക്ക് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

12. പഞ്ചായത്തിന്റെ നാളിതുവരെയുള്ള മുഴുവൻ ആസ്തി-ബാധ്യതകളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62(2) എഫ് പ്രകാരം ഉൾപ്പെടുത്തേണ്ട റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

ഇ.കെ.നായനാർ ഹൗസിംഗ് ലോണിന്റെ സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും പേരിലുള്ള തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് മെഡിക്കൽ കോളേജ് ബ്രാഞ്ചിലുള്ള 80008966435 അക്കൗണ്ടിന്റെ

31-03-2018 ലെ വർഷാന്ത്യ നീക്കിയിരിപ്പ് ₹9274306 എന്നതും, 2017-18 വാർഷിക കണക്ക പ്രകാരം ഇ.കെ.നായനാർ ഹൗസിംഗ് ലോണിന്റെ വർഷാന്ത്യ നീക്കിയിരിപ്പ് ₹9280000 (ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം) വ്യത്യാസം വിശദീകരിച്ചിട്ടില്ലാത്തതാണ്. (ഓഡിറ്റ് എൻക്വയറി നം.31 തിയ്യതി:02-11-18)

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണത്തിലും ബജറ്ററി നിയന്ത്രണത്തിലുമുള്ള അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണം, ബജറ്ററി നിയന്ത്രണം എന്നിവ സംബന്ധിച്ച് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ 2017-18 വർഷത്തെ ബജറ്റ് ഫയൽ പരിശോധിച്ചതിൽ ചട്ടപ്രകാരമുള്ള ബജറ്റ് രൂപീകരണ പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്ത വിവരങ്ങൾ, ഘടകസ്ഥാപനങ്ങൾ തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റ്, സെക്രട്ടറി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റ് മുതലായ ബജറ്റ് രൂപീകരണത്തിന് അടിസ്ഥാനമാക്കിയ രേഖകൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയില്ല

വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ 2017-18 വാർഷിക ബജറ്റിലേക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നു. ഇത്തരം ബജറ്റ് നിർദ്ദേശങ്ങളുടെ അഭാവത്തിൽ തന്നെ 22-03-2018 ന് നടന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ബജറ്റ് അംഗീകാരത്തിനായി ഭരണസമിതിക്ക് ശുപാർശ ചെയ്യുകകയും ആയത് 27-03-2017 ലെ ഭരണസമിതി യോഗത്തിൽ അംഗീകരിക്കപ്പെടുകയും ചെയ്തു.

ബജറ്റ് പുതുക്കൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08/03/2018 ലെ 158/18 തീരുമാനപ്രകാരം 19.03.2018 ൽ ചേർന്ന ഭരണ സമിതിയോഗം സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം അംഗീകരിച്ചു കൊണ്ട് ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടിയുള്ള സുപ്രധാന രേഖയാണ് ബജറ്റ്. ബജറ്റിൽ നിർദ്ദേശിക്കാത്ത ഒരിനത്തിനും വേണ്ടി ചെലവ് ചെയ്യരുത്, ഏതെങ്കിലും ഇനത്തിൽ ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ കൂടുതൽ ചെലവ് ചെയ്യരുത് എന്നിവയെല്ലാം ബജറ്റിന്റെ തത്വങ്ങളാണ്. ബജറ്റിൽ നിർദ്ദേശിക്കാത്ത ചെലവുകൾ (ഒഴിവാക്കാനാവാത്ത അടിയന്തിര സാഹചര്യങ്ങളിലൊഴികെ) നിയമാനുസൃതമായി ചെയ്യണമെങ്കിൽ ചെലവ് ചെയ്യുന്നതിന് മുൻപ് പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്.

ബജറ്റിൽ വകയിരുത്തിയതിൽ അധികം തുക ചെലവഴിച്ചു - ബജറ്ററി നിയന്ത്രണം ഫലപ്രദമായി നടപ്പാവുന്നില്ല.

2017-18 ലെ പുതുക്കിയ ബജറ്റ്, 2017-18 ലെ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പൻഡിച്ചർ പത്രിക എന്നിവ പരിശോധിച്ചതിൽ പല ശീർഷകങ്ങളിലും ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2017-18 പരിഷ്കരിച്ച ബജറ്റ് പ്രകാരം വകയിരുത്തിയത് | 2017-18 ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | 210-Establishment Expenses | 96,53,000 | 1,00,49,237 | 3,96,237 |
| 2 | 220-Administrative Expenses | 13,03,750 | 13,12,943 | 9,193 |
| 3 | 230-Operations & Maintenance | 35,30,000 | 41,43,490 | 6,13,490 |
| 4 | 250-Decentralised Plan Programme-Productive Sector | 35,26,000 | 70,76,722 | 35,50,722 |
| 5 | 254-Total Expenditure of Transferred Institutions (not included under Decentralised Plan | 3,00,00,000 | 3,09,38,054 | 9,38,054 |

| | | | | | |
|---|---|---|---|---|---|
| | Programme) | | | | |

ഇപ്രകാരം ബജറ്റിൽ ഉൾപ്പെടുത്താതെ തുക ചെലവഴിക്കുന്നത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ:30/17-18 തീയതി 02-11-18) മറുപടി ലഭ്യമാക്കിയില്ല.

ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഭാവിയിൽ ബജറ്റ് മാനുവലിലെ നിർദ്ദേശ പ്രകാരം ബജറ്റ് രൂപീകരിക്കുന്നതിനും അംഗീകരിച്ച ബജറ്റ് പ്രകാരം ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ

(എ) കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തറവിസ്തീർണ്ണാനുപാതം, പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻമേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് അനുവദിച്ച Addition / Extention പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും അതനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്നുമുള്ള നിരീക്ഷണങ്ങൾ നടത്തുന്നതിന് കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ ഉപയോഗപ്പെടാതെ വരുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.21/17-18 തീയതി 31.10.2018) 2017 നവംബർ മുതൽ ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിക്കുന്നതിനാൽ അപേക്ഷാ രജിസ്റ്റർ പ്രത്യേകമായി സങ്കേതം മുഖേന ലഭ്യമാണെന്നും നിലവിൽ കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്ററും എഴുതി പൂർണ്ണമായി രേഖപ്പെടുത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ടെങ്കിലും അപേക്ഷ രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ പൂർത്തീകരണപ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. കെട്ടിടനിർമ്മാണ രജിസ്റ്ററിലെ മേൽ അപാകതകൾ മൂലം പഞ്ചായത്തിന് പെർമിറ്റ് ഫീസ്, വസ്തുനികുതി എന്നീയിനങ്ങളിൽ

വരുമാനനഷ്ടസാധ്യതയുണ്ട്. രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ബി) നോട്ട് ഫയലിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷകൾ / ക്രമവത്ക്കരണ അപേക്ഷകൾ / പൂർത്തീകരണ അപേക്ഷകൾ എന്നിവയ്ക്കായുള്ള പല അപേക്ഷകളിലും സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ അവരുടെ ശുപാർശയോടൊപ്പം അപേക്ഷയുടെ പരിശോധന സംബന്ധിച്ച പ്രധാനവിവരങ്ങൾ ( ഫ്ലോർ ഏരിയ, കാർപ്പെറ്റ് ഏരിയ, എഫ്.എ.ആർ., കവറേജ്, കാർപാർക്കിംഗ് , വസ്തു നികുതിക്കായി കണക്കാക്കുന്ന തറ വിസ്തീർണ്ണം മുതലായവ) റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്( നം.33/17-18 തീയതി 02/11/18) ഭാവിയിൽ ശ്രദ്ധിക്കുന്നതാണ്എന്ന് മറുപടി നൽകിയിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണങ്ങളുടെ ക്രമവത്ക്കരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137(3) പ്രകാരം നിശ്ചിത മാതൃകയിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുകയോ ക്രമവത്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/17-18 തീയതി 02/11/18) രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഡി) ക്രമവത്ക്കരണം - രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീമതി. ശാന്ത മുതൽ പേർ, ചുള്ളിപ്പറമ്പിൽ, മുളങ്കുന്നത്തുകാവ് എന്നവരുടെ ഉടമസ്ഥതയിലുള്ള 1/157A നമ്പരായ G1 -വ്യാവസായികം വിഭാഗത്തിൽപ്പെട്ട കെട്ടിടത്തിന്റെ ക്രമവത്ക്കരണം രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| തറവിസ്തീർണ്ണം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|
| 41.3 $m^2$ | 41.3x5x3=620 | 41.3x3x2=248 | 372 |

കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി സംബന്ധിച്ച്

(എ) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം വാണിജ്യ കെട്ടിടമാക്കി തരംമാറ്റൽ -ഉടർനടപടിയില്ല.

ഗ്രാമപഞ്ചായത്തിലെ ഗ്രാമല വാർഡിലെ റീസർവെ നമ്പർ 267/p യിൽ ശ്രീ.ഡ്യൂക്ക്.ടി.വി., തോലത്ത് ഹൗസ്, ഗ്രാമല എന്നയാളുടെ സ്ഥലത്ത് നിർമ്മിച്ച വാണിജ്യകെട്ടിടത്തിന് കെട്ടിടനമ്പർ അനുവദിക്കുന്നതിനായി ഹാജരാക്കിയ പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത പ്ലോട്ടിൽ പൂർത്തിയാക്കിയ 142 ച.മീ. കെട്ടിടം കൂടാതെ 190 ച.മീ,(പാർപ്പിടം) 24ച.മീ.(ഗോഡൗൺ) എന്നിങ്ങനെ വിസ്തീർണ്ണമുള്ള രണ്ട് കെട്ടിടങ്ങൾ കൂടി സ്ഥിതി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്. 'സഞ്ചയ' പ്രകാരം ഇവ 69 ച.മീ., 98ച.മീ. എന്നിങ്ങനെ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നതുമായ 2/602, 2/603 എന്നീ നമ്പർ കെട്ടിടങ്ങളാണെന്ന് ബന്ധപ്പെട്ട സെക്ഷൻ അറിയിക്കുകയുണ്ടായി. 2/603 എന്ന കെട്ടിടത്തിന്റെ 155ച.മീ. ഉപയോഗ ക്രമം കൊമേഴ്സ്യൽ ആക്കുന്നതിന് ശ്രീ.ഡ്യൂക്ക് .ടി.വി.

02/05/17ന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഓവർസിയറുടെ റിപ്പോർട്ട് "നിലവിൽ 190 ച.മീ.വരുന്ന വാസഗൃഹത്തിന്റെ തരം മാറി കൊമേഴ്സ്യൽ ആക്കുന്നതിന് വിരോധമില്ല" എന്നതാണ്. തുടർന്ന് പുതുതായി പൂർത്തിയാക്കിയ 142 ച.മീ. വാണിജ്യകെട്ടിടത്തിന് 2/603A മുതൽ G വരെയുള്ള നമ്പറുകൾ അനുവദിച്ചുവെങ്കിലും, നിലവിലുള്ള 190 ച.മീ. വരുന്ന വാസഗൃഹം തരംമാറ്റി കൊമേഴ്സ്യൽ ആക്കുന്നതിനുള്ള ശുപാർശയിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് എൻക്വയറി നൽകിയിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.28/17-18 തീയതി 02-11-18) മറുപടി ലഭ്യമാക്കിയില്ല. 2/602, 2/603 എന്നീ കെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സഞ്ചയയിൽ മാറ്റങ്ങൾ വരുത്തി വാണിജ്യ കെട്ടിടത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുകയും കുടിശ്ശിക സഹിതം ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ബി) സഞ്ചയയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്.

സാംഖ്യയിലും സഞ്ചയയിലും രേഖപ്പെടുത്തപ്പെട്ട വസ്തുനികുതി വിവരങ്ങളിലെ പൊരുത്തക്കേടുകൾ ഖണ്ഡിക 1-12(7) ൽ വിശദമാക്കിയിട്ടുണ്ട്. സഞ്ചയയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രശ്നങ്ങൾ നിലനിൽക്കുന്നതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

1. ചില കെട്ടിടങ്ങളുടെ ഡിമാന്റ് ഒരേ അർദ്ധവർഷത്തിൽത്തന്നെ ഒന്നിൽ കൂടുതൽ കാണിക്കുന്നു.

2. സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തുമ്പോൾ സ.ഉ.358/15, 144/15 നമ്പർ ഉത്തരവുകൾ പ്രകാരം കെട്ടിടനികുതിയിൽ മാറ്റം വരുന്നുണ്ട്. ആയത് അരിയർ ഡിമാന്റിലും കറന്റ് ഡിമാന്റിലും വ്യത്യാസമുണ്ടാക്കുന്നുണ്ട്.

സഞ്ചയയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

2017-18 വർഷത്തിൽ സ്ഥാപനത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത വ്യക്തികൾ, കരാറുകാർ, പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ

എന്നിവയുടെ തൊഴിൽ നികുതി പൂർണ്ണമായും അസസ്സ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ഉറപ്പുവരുത്തിയിട്ടുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ - 24/17-18 തീയതി 31/10/18) മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഇത് സാധ്യമാക്കിയത് എപ്രകാരമാണെന്ന് വിശദമാക്കിയിട്ടില്ല.

(എ)കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

(ബി)സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ഡി. & ഒ. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഫാത്തിമ ഫർണിച്ചർ സ്റ്റീൽസ് | 3 |
| 2 | ലാവിഷ് ഹോട്ടൽ | 17 |
| 3 | സെന്റ് ആന്റണീസ് വുഡ് വർക്ക് | 5 |
| 4 | ആളൂർ വുഡ് ലെയ്ത്ത് & ഫർണിച്ചർ വർക്ക് | 5 |
| 5 | ഇലക്ട്രോടെക് ഇൻഡസ്ട്രീസ് | 4 |
| 6 | കൃപാലയം ഫർണിച്ചർ | 5 |
| 7 | സഫാന റസ്റ്റോറന്റ് | 7 |
| 8 | എ വൺ ഗ്രിൽ | 6 |
| 9 | കൃഷ്ണ മിൽസ് | 5 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ

തൊഴിൽനികുതി പിരിക്കുന്നതിന് ഭാവിയിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(സി) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ബി.എസ്.എൻ.എൽ

2. ഹിൽവാലി ചിറ്റ്സ്

3. തിരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

4. പ്ലാത്തോട്ടം റബ്ബേഴ്സ്

സ്ഥാപന തൊഴിൽ നികുതി ഈടാക്കി അപാകത പരിഹരിക്കേണ്ടതാണ്.

(ഇ) സോണി ജോർജ്ജ്, ജി.എം.& സൺസ് ഗ്രാനൈറ്റ്സ് എന്ന സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി 2017-18 ൽ അടച്ചിട്ടില്ല. ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് സംബന്ധിച്ച പൊതു അപാകതകൾ

(എ) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1004 വാണിജ്യ കെട്ടിടങ്ങൾ ആണ് ഉള്ളത്. എന്നാൽ 2017-18 വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത് 328 സ്ഥാപനങ്ങൾക്കാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന പല വാണിജ്യ വ്യവസായ സ്ഥാപനങ്ങളും നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-29/17-18 തീയതി 02/11/18) മറുപടിയായി അറിയിച്ചിട്ടുണ്ട്. എല്ലാ കച്ചവട /വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് ഫീൽഡ് സന്ദർശനം നടത്തുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ബി) ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് അപേക്ഷയിലെ എല്ലാ കോളങ്ങളും അപേക്ഷകൻ പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലൈസൻസ് അപേക്ഷകളിൽ ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്. പല അപേക്ഷകളിലും മേൽ അപാകതകൾ കാണുന്നു.

ഉദാ: 1.. കെ.ജെ.വാസുദേവൻ നായർ ഗ്രാനൈറ്റ്സ്

2. രുദ്ര ഗ്രാനൈറ്റ്സ്

(സി)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

ട്രേഡേഴ്സ് ലിസ്റ്റിൽ 315 കച്ചവടക്കാരാണ് ഉൾപ്പെട്ടിട്ടുള്ളത്. 2017-18ൽ 328 പേർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. തൻവർഷ ഡിമാന്റുകൾ വാർഡ് തിരിച്ച് രേഖപ്പെടുത്തുന്നതിലുപരി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് സന്ദർശനം നടത്തി പഞ്ചായത്ത് പ്രദേശത്ത് കച്ചവടം നടത്തുന്നവരെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഓരോ വാർഡും വേർതിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കേണ്ടതാണ്.

## 2-6 ലൈഫ് മിഷൻ- ഭവനനിധി രൂപീകരണം- ഭരണസമിതി തീരുമാനം നടപ്പിലായിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ സ.ഉ(എം.എസ്) നം.151/2017 /തസ്വഭവ തിരു .തീയതി 31.7.17 ലെ നിർദ്ദേശപ്രകാരം ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കാവുന്നതും, സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ,സ്ഥാപനങ്ങൾ എന്നിവർക്ക് സംഭാവന നൽകാവുന്നതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടായി ഭവനനിധി ആരംഭിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 6.1.18ലെ 14ാം തീരുമാനപ്രകാരം ലൈഫ് മിഷന്റെ സംഭാവനകൾ സ്വീകരിക്കുന്നതിനുള്ള ഭവനനിധിയ്ക്കായി കേരള ഗ്രാമീൺബാങ്കിന്റെ കോലഴി ശാഖയിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് നാളിതുവരെ നടപ്പാക്കിയിട്ടില്ല.

ലൈഫ് മിഷൻ പ്രവർത്തനങ്ങൾ 2017-18 മുതൽ നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഭവനനിധി രൂപീകരണം അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

## 2-7 ഇ.കെ നായനാർ ഭവനനിർമ്മാണപദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് കെട്ടിടനമ്പർ അനുവദിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഇ.കെ നായനാർ ഭവന നിർമ്മാണ പദ്ധതിയിൽ 2017-18 സാമ്പത്തികവർഷം വരെ 67 ഗുണഭോക്താക്കൾക്ക് 200000/- രൂപ വീതം ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിൽ 3 പേർ ഒഴികെ 64 പേർ മാർച്ച് 2018 ൽ ഭവനനിർമ്മാണം പൂർത്തീകരിച്ച് തുക മുഴുവനായും കൈപ്പറ്റിയവരാണ്.

വസ്തുനികുതി സഞ്ചയ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ താഴെ ചേർക്കുന്നു.

1.ചില ഗുണഭോക്താക്കൾക്ക് നാളിതു വരെ വസ്തുനികുതി നിർണ്ണയിക്കുകയോ,കെട്ടിടനമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ല.

| ഗുണഭോക്താവ് | വാർഡ് നം | അവസാനഗഡു കൈപ്പറ്റിയ തീയതി |
|---|---|---|
| ലിസി ജോസ് തരകൻ | 4 | 25.10.16 |
| സുശീല തണ്ടാശ്ശേരി | 14 | 18.1.18 |
| ത്രേസ്യാമ്മ ജോസ്,തറപ്പേൽ | 5 | 31.3.18 |
| ഓമന എറമ്പേലിൽ | 5 | 31.3.18 |
| ജാൻസി,ചിറയത്ത് | 8 | 25.10.16 |
| വാസന്തി,ഒല്ലേക്കാടൻ, | 13 | 25.10.16 |
| ലോനപ്പൻ,ആലപ്പാടൻ, | 8 | 28.3.17 |
| പുഷ്പലത,കുറിയേടത്ത് | 4 | 25.10.16 |

| | | |
|---|---|---|
| ബേബി കുണ്ടുകുളങ്ങര | 10 | 25.1.17 |
| ജാൻസി ജോസ് വടക്കൻ | 4 | 28.3.17 |
| മറിയക്കുട്ടി ജോസ് വടക്കൻ | 4 | 25.10.16 |
| ഉഷ,കുഴിപറമ്പിൽ | 3 | 2.6.16 |
| നിഷ.കെ.കുറ്റിയിൽ | 8 | 25.10.17 |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ വസ്തുനികുതി നിർണ്ണയിച്ച് കെട്ടിടനമ്പർ നൽകാനുള്ള നടപടികളോടൊപ്പം നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

2.വസ്തു നികുതി സഞ്ചയ പ്രകാരം ഗുണഭോക്താക്കളുടെ പേരിൽ 2 വീടുകൾ കാണുന്നു.

| ഗുണഭോക്താവ് | കെട്ടിടങ്ങളുടെ വിവരം |
|---|---|
| അംബിക പോഴംകണ്ടത്തിൽ | 8/335,8/335എ |
| പ്രമീള, പണിക്കപറമ്പിൽ | 13/329എ,13/329സി (പാർപ്പിടം, 1 വർഷം പഴക്കം) |
| ശ്യാമള രാജൻ,പുതിയമഠത്തിൽ | 13/433( പാർപ്പിടം-23 വർഷം പഴക്കം)<br>13/434( വാണിജ്യകെട്ടിടം) |
| ജാൻസി നീലങ്കാവിൽ | 8/66( പാർപ്പിടം -2 വർഷം പഴക്കം)<br>8/65സി( പാർപ്പിടം -1 വർഷം പഴക്കം) |
| റോസമ്മ,മുതിരപറമ്പിൽ | 8/232 (23 വർഷം പഴക്കം)<br>8/232എ(1 വർഷം പഴക്കം) |
| ജെസി ജോസ്, പുത്തൂർ | 8 വർഷം പഴക്കമുള്ള 13/289 നമ്പർ കെട്ടിടം ഉള്ളതായി കാണുന്നു. (പുതിയ കെട്ടിടത്തിന് നമ്പർ നിലവിലില്ല) |

വാസയോഗ്യമായ വീടില്ലാത്ത ഗുണഭോക്താക്കൾക്ക വേണ്ടി നടപ്പാക്കപ്പെട്ട മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾ നാളിതുവരെ പഴയ കെട്ടിടം പൊളിച്ചുമാറ്റിയിട്ടില്ല എന്നാണ് ഗ്രാമപഞ്ചായത്ത് രേഖകളിൽ നിന്നും വ്യക്തമാകുന്നത്. കെട്ടിടം നിലവിലും ഉപയോഗിക്കുന്നുണ്ടെങ്കിൽ പുതിയ ഭവനനിർമ്മാണത്തിന് അനുവദിച്ച ധനസഹായം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ ആയത് ഡെമോളിഷ്ഡ് വിഭാഗത്തിൽ ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം-അർഹതയില്ലാത്ത ഗുണഭോക്താവിന് അനുവദിച്ചു.

പ്രൊജക്റ്റ് നം-106/18

അടങ്കൽ-വികസനഫണ്ട്-400000/-

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽ നം-15/21.3.18 തുക-100000/-

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)80/2017 ത.സ്വ.ഭ.വ തിയതി.3.4.17) ഖണ്ഡിക 2.15 പ്രകാരം സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ്/സഹകരണസ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർ/ഫാമിലി പെൻഷണർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം ജനറൽ 1 ലക്ഷം-/പട്ടികജാതി 2 ലക്ഷം രൂപയിൽ കുറവ് ഉള്ളവരായി കണക്കാക്കാവുന്നതല്ല എന്ന വ്യക്തമാക്കിയിട്ടുണ്ട്. 20.11.17ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ തീരുമാനം 114/17 പ്രകാരം സാധുക്കളായ വിധവകളുടെ വിവാഹധനസഹായത്തിന്റെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുകയും പ്രൊജക്റ്റ് നിർവ്വഹണത്തിനായി നിർവ്വഹണോദ്യോഗസ്ഥക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.ശോഭന, പൊന്നാംപുര വീട്, മാറ്റാംപുറം എന്നവരുടെ അക്കൗണ്ടിലേക്ക് (നം.3256985256) മകൾ ശോഭിയുടെ 6.11.16 ൽ നടന്ന വിവാഹത്തിനുള്ള ധനസഹായമായി 50000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താവ് തീയതി രേഖപ്പെടുത്താത്ത അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 22.12.16 ലെ വിവാഹസർട്ടിഫിക്കറ്റ് നം.5770/16 ൽ ശ്രീമതി ശോഭി അഗ്രികൾച്ചറൽ അസിസ്റ്റന്റാണെന്ന രേഖപ്പെടുത്തിയിട്ടുണ്ട്. റേഷൻകാർഡ് നം.1841152691 കാർഡ് ബിപിഎൽ വിഭാഗത്തിൽ നിന്നും എപിഎൽ വിഭാഗത്തിലേക്ക് മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റ് ശോഭിയുടെ സഹോദരിയുടെ വിദ്യാഭ്യാസ ആവശ്യത്തിനായി 27.5.15 ൽ ലഭിച്ച 18000/- രൂപയുടേതാണ്. ഇപ്രകാരമുള്ള രേഖകൾ പരിശോധനാവിധേയമാക്കാതെ സർക്കാർ ജീവനക്കാരിയുടെ വിവാഹത്തിന് വികസനഫണ്ടിൽ നിന്നും അനുവദിച്ച ധനസഹായം (50,000/- രൂപ) തിരികെ ഈടാക്കേണ്ടതാണ്.

## 3-2 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം-മുൻവർഷം നടന്ന വിവാഹത്തിന് 2017-18 ലെ ധനസഹായം അനുവദിച്ചു.

പ്രൊജക്റ്റ് നം-106/18

അടങ്കൽ-വികസനഫണ്ട്-400000/-

നിർവ്വഹണോദ്യോഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽ നം-16/21.3.18 തുക-100000/-

ജി.ഒ (എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 3.4.17 ഖണ്ഡിക 11.5. പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 50000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കാവുന്നതാണ്. കൂടാതെ മിശ്രവിവാഹിതരും വ്യത്യസ്ത മതത്തിൽപെട്ടവരും വിവാഹം കഴിക്കുകയാണെങ്കിൽ 50000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കാവുന്നതാണ്. ഇപ്രകാരം ധനസഹായം അനുവദിക്കുകയാണെങ്കിൽ വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ നൽകിയിരിക്കണം.

മറിയം alias തങ്കമ്മ, ഇടയിലെ മുറിയിൽ, ചോറ്റുപാറ എന്നവരുടെ മകൾ വിജിമോൾ തങ്കച്ചൻ എന്നവരുടെ വിവാഹതീയതി 26.3.17 ലാണ്.(വിവാഹസർട്ടിഫിക്കറ്റ് നം.2544/2017തിയതി.26.4.17). അപേക്ഷയിൽ അപേക്ഷ തിയതി രേഖപ്പെടുത്തിയിട്ടില്ല.

സാമൂഹ്യനീതി വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം 1.4.13 മുതൽ 30000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ 2017-18 ലെ പ്രൊജക്ടിൽ 50000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2016-17 ൽ ബാധകമായ 30000/- രൂപയ്ക്ക് മാത്രമാണ് ഗുണഭോക്താവിന് അർഹതയുള്ളത്. അധികമായി അനുവദിച്ച 20000/- രൂപ ധനസഹായം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 സ്ഥലലഭ്യത ഉറപ്പാക്കാനായില്ല. പകൽവീട് നിർമ്മാണം, പകൽ വീട്ടിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികളുടെ പദ്ധതി വിഹിതം ലാപ്സായി

1.പ്രൊജക്ട്-80/18 പകൽവീട് നിർമ്മാണം
നിർവ്വഹണം-അസി.എഞ്ചിനീയർ
വകയിരുത്തിയ തുക-365150(വികസനഫണ്ട്-ജനറൽ)
2..പ്രൊജക്ട്-299/18(പകൽവീടിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ)
നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

വകയിരുത്തിയ തുക-വികസനഫണ്ട്, തുക-176150/-
ആകെ ലാപ്സായ തുക-541300/-

2017-18 സാമ്പത്തികവർഷത്തെ സാമൂഹ്യനീതി സംബന്ധിച്ച അവസ്ഥാരേഖ പ്രകാരം ഗ്രാമപഞ്ചായത്തിൽ പകൽ വീട് നിലവിലില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിലില്ലാത്ത പകൽ വീടിന് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ട് ഏറ്റെടുത്ത് അംഗീകാരം വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.1/25.10.18)നിർവ്വഹണോദ്യോഗസ്ഥ(ഐ.സി.ഡി.എസ്.സൂപ്പർവൈസർ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആയതു പ്രകാരം 2017-18 സാമ്പത്തികവർഷം രണ്ടാംവാർഡിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പകൽ വീട്ടിലേക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന നിലയിലാണ് പ്രൊജക്ട് ആവിഷ്കരിച്ചത്.എന്നാൽ സ്വന്തമായ സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ പകൽവീട് ആരംഭിക്കുന്നതിന് സാധിച്ചില്ല.പിന്നീട് 21(26)/8.2.18 ലെ ഭരണസമിതി തീരുമാനപ്രകാരം അരങ്ങഴിക്കുളം

അംഗൻവാടിയുടെ മുകൾഭാഗം പകൽവീടാക്കി മാറ്റാം എന്ന തീരുമാനിക്കുകയും പകൽവീടിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തുകയും ചെയ്തു.എന്നാൽ പ്രസ്തുത കെട്ടിടം പകൽവീടാക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥ പ്രൊജക്ട് നടപ്പാക്കിയില്ല.തുടർന്ന് ഭരണസമിതി 23.3.18 ൽ ടി കെട്ടിടം പകൽവീടാക്കി മാറ്റുന്നതിന് നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തുകയും ചെയ്തു.
ഭരണസമിതിയുടെ 22/7.11.17 ലെ യോഗത്തിൽ വയോജനതണൽവീട് നിർമ്മാണത്തിനായി അരവിന്ദാക്ഷൻ, കാഞ്ഞങ്ങാട്ട് സൗജന്യമായി നൽകിയ സ്ഥലം രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ തീരുമാനം നടപ്പാക്കാൻ സാധിച്ചില്ല.

2017-18 സാമ്പത്തികവർഷം സ്വന്തമായി സ്ഥലമില്ലാതെ പകൽ വീട് കെട്ടിടനിർമ്മാണത്തിനും, പകൽവീടിനു ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി വികസനഫണ്ടിൽ നിന്നും 541000/- രൂപ മാറ്റിവെക്കുകയും, എന്നാൽ പ്രൊജക്ട് നടപ്പാക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഭരണസമിതിക്ക് സാധിച്ചിട്ടില്ല. ഇതുമൂലം മറ്റു പ്രൊജക്ടുകൾക്ക് വിനിയോഗിക്കാൻ കഴിയുമായിരുന്ന തുക ലാപ്സായി പോകുകയുണ്ടായി.

ലഭ്യമായ വികസനഫണ്ട് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 33 അംഗനവാടികൾ ആണുള്ളത്. ഇവയിൽ 14 എണ്ണം സ്വന്തം കെട്ടിടത്തിലും 18 എണ്ണം വാടകക്കെട്ടിടത്തിലും 1 എണ്ണം വാടകേതര കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അങ്കണവാടികളിൽ 14 എണ്ണത്തിൽ മാത്രമാണ് വൈദ്യുതി ഉള്ളത്. അങ്കണവാടികളിൽ 25 എണ്ണത്തിന് മാത്രമാണ് കുടിവെള്ള സൗകര്യം ഉള്ളത്. ഗ്യാസ് കണക്ഷൻ ഒരു അങ്കണവാടികൾക്കും ഇല്ല.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 13--ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. [സ.ഉ(എം.എസ്) നമ്പർ 72/2017 ത.സ്വ.ഭ.വ, തീയതി.29.03.2017, ഖ-12.13.2.]

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 3-5 അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ സർക്കുലർ നം.31055/ഡി.സി2/2011/ത.സ്വ.ഭ.വ തിയതി 22.3.11 പ്രകാരം എല്ലാവർഷവും മെയ് 10 നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ /ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22/5.12.17 തീയതിയിലെ യോഗത്തിൽ 33 അംഗൻവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ഐ.സി.ഡി.എസ് സമർപ്പിച്ച അപേക്ഷ പരിഗണിച്ചിട്ടുള്ളതാണ്. എന്നാൽ 2017-18 സാമ്പത്തികവർഷം ഇത്തരം ഒരു പരിശോധന നടത്തി ഫിറ്റ്നസ് ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്ഥാപനം സ്വികരിച്ചിട്ടില്ല. സർക്കുലറിലെ നിർദ്ദേശം പാലിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നം-125/18, ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ

നിർവ്വഹണോദ്യാഗസ്ഥ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ട്രഷറി ബിൽ നം-4/8.9.17 തുക-50000/-

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ എന്ന പ്രൊജക്ടിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 50000/- രൂപ ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ട് നം.79901140000646 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ചെലവുതുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഡെപ്പോസിറ്റ് പ്രവൃത്തികൾ-പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യഗസ്ഥ-സെക്രട്ടറി

2017-18 സാമ്പത്തികവർഷം വിവിധ പ്രൊജക്ടുകൾക്കായി കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്തു താഴെ പറയുന്ന പ്രൊജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം | പേര് | ട്രഷറി ബിൽ നം | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 174/18 | ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 54/17.2.18 | 48120 |
| 2 | 254/18 | സ്ട്രീറ്റ് ലൈൻവലിക്കൽ | 44/27.1.18-119065<br>68/13.3.18-22050<br>73/14.3.18-19845<br>85/23.3.18-12600 | 173560 |
| 3 | 255/18 | എസ്.സി കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ | 59/8.3.18-11750<br>67/13.3.18-7200<br>72/14.3.18-25530 | 44180 |
| 4 | 256/18 | സ്ട്രീറ്റ് ലൈറ്റ് ഇടുന്നതിന് സൂപ്പർവിഷൻ ചാർജ് | തനത്ഫണ്ട് | 1850 |
| 5 | 266/18 | സ്ട്രീറ്റ് ലൈൻ വലിക്കൽ (ജനറൽ) | 22/19.10.17-113810<br>29/26.10.17-47615<br>71/14.3.18-24465 | 185890/- |
| 6 | 268/10 | എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 60/8.3.18 | 98510 |
| 7 | 270/18 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | തനതുഫണ്ട് | 12200 |
| | | ആകെ | | 564310 |

പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നതുവരെ ചെലവ് തുക 564310/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ലീഗൽ ചാർജ്ജിന് ആദായനികുതി ഈടാക്കിയില്ല

1961-ലെ ആദായ നികുതി നിയമം സെക്ഷൻ 194-ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ ₹30000-ൽ അധികരിക്കുന്ന 'പ്രൊഫഷണൽ' സേവനങ്ങൾക്ക് ടി.ഡി.എസ് ഈടാക്കേണ്ടതാണ്. 2017-18 വർഷത്തിൽ ലീഗൽ ചാർജ്ജിനത്തിൽ അഡ്വ.ഷിജോചാക്കോ, ചേമ്പർ നമ്പർ :649, കേരള ഹൈക്കോടതി കോംപ്ലക്സ്, എറണാകുളം എന്നവർക്ക് താഴെ പറയും വിധം തുക നല്കിയിട്ടുള്ളതാണ്.

| ക്രമ നം | വൗച്ചർ നം. | പേമെന്റ് ഓർഡർ നം. | തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 21700614 | 51700616 | 28-09-17 | 40200 | WP(C)21604/17, 21605/17, 21606/17, 21607/17, 21608/17, 21648/17, |
| 2 | 21701087 | 51701090 | 03-03-18 | 19200 | WP(C)10662/2011 |
| 3 | 21701161 | 51701161 | 26-03-18 | 62750 | WP(C)23380/15, 28490/15, 21605/17, 21606/17, 21607/17, 21608/17, 21648/17 |
| ആകെ | | | | 122150 | |

മേൽ തുക വിതരണം ചെയ്തതിൽ, ആദായ നികുതി ഈടാക്കി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ:25 തിയ്യതി:01-11-18). നിയമാനുസൃതം അടവാക്കേണ്ട നികുതി ഈടാക്കി ഒടുക്കേണ്ടതും, ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 3-9 പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പുകൾക്ക് രണ്ടു നിരക്ക്

1. പ്രോജക്ട് നമ്പർ:17/2018 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പട്ടിക ജാതി)-ന്യൂ
2. പ്രോജക്ട് നമ്പർ:283/2018 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പട്ടിക ജാതി)- സ്പിൽ ഓവർ
3. പ്രോജക്ട് നമ്പർ:197/2018 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പട്ടിക വർഗ്ഗം)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ മൂന്ന് പ്രോജക്ടുകൾ പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പ്രവർത്തിയാണ് നിർവ്വഹിച്ചിരിക്കുന്നത്. 07.10.2017 ന് ഈ മൂന്ന് പ്രോജക്ടുകളിൽ ആകെ 24 ലാപ്ടോപ്പുകൾക്കായി വെവ്വേറെ ടെണ്ടർ ക്ഷണിക്കുകയും, നെസ്റ്റ് സിസ്റ്റം ആന്റ് സൊല്യൂഷൻസ്, II *858*/7, മാക്സ് ആർക്കൈഡ്, ആശാരിക്കുന്ന്, നിയർ ശക്തൻ തമ്പുരാൻ ബസ് സ്റ്റാന്റ്, തൃശ്ശൂർ-21 എന്ന സ്ഥാപനം മേൽ മൂന്ന് പ്രോജക്ടുകൾക്കും , 30-10-17ന് ₹28,679/- നിരക്കിൽ ടെണ്ടർ സമർപ്പിക്കുകയുണ്ടായി. 07-11-2017ലെ 7/7(2) നമ്പർ തീരുമാനപ്രകാരം, ആദ്യ രണ്ടു പ്രോജക്ടുകൾക്കും സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതി മേൽ നിരക്കിൽ അംഗീകരിച്ച് 'വർക്ക് ഓർഡർ' നല്കുകയും, 2017-18 വർഷത്തിൽ ആകെ 10 ലാപ് ടോപ്പുകൾ ആദ്യ രണ്ടു പ്രോജക്ടുകളിലായി വിതരണം നടത്തുകയും ചെയ്തിട്ടുള്ളതാണ്.

പ്രോജക്ട് നമ്പർ:197/2018 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പട്ടിക വർഗ്ഗം) രണ്ടു അപേക്ഷകരുടെ

പേരുവിവരമാണ് അംഗീകരിച്ചതായി ഫയലിൽ കാണുന്നത്. 30-10-17ന് ₹28,679/- നിരക്കിൽ വിതരണത്തിന് സന്നദ്ധത അറിയിച്ച മേൽ സ്ഥാപനത്തിന്റെ ടെണ്ടറിൽ, യാതൊരു നടപടിയും സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തികാണുന്നില്ല. ഈ പ്രവർത്തി 18.01.18തിയ്യതിൽ റീടെണ്ടർ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ₹29,879 നിരക്കിൽ 02-02-18 ന് സ്ഥാപനം ടെണ്ടർ സമർപ്പിക്കുകയും ആയത് 08-02-18ലെ 24(2)/08-02-18 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ച്, 07-03-2018ന് വിതരണത്തിനായി ഓർഡർ നല്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇൻവോയ്സ് നമ്പർ 245 പ്രകരം 20-03-2018 നാണ് സ്ഥാപനം ₹29,879 നിരക്കിൽ ഒരു ലാപ്ടോപ്പ് വിതരണം നടത്തിയത് (ട്രഷറി ബിൽ നമ്പർ:7/2017-18) . എന്നാൽ മേൽ വിവരിച്ച പട്ടിക ജാതിക്കാർക്കായുള്ള പദ്ധതി പ്രകാരം സ്ഥപാനം ₹28,679/ നിരക്കിൽ ഇൻവോയ്സ് നമ്പർ 253 പ്രകരം 24-03-2018 ന് മൂന്ന് ലാപ്ടോപ്പ് വിതരണം നടത്തിയിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ:20/2017-18). മേൽ വിവരിച്ചതിൽ നിന്നും ഒരേ കാലയളവിൽ ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ, രണ്ടു വിലയ്ക്ക് വാങ്ങി വിതരണം നടത്തിയതായി കാണാവുന്നതാണ്. ഒരേ തരത്തിലുള്ള സാധനങ്ങളുടെ ഒരുവർഷത്തേയ്ക്കുള്ള ആവശ്യകത ഒരൊറ്റ യൂണിറ്റാക്കി, ടെണ്ടർ ക്ഷണിക്കുകയും, വാങ്ങുകയും ചെയ്തിരുന്നെങ്കിൽ ഈ കാര്യത്തിൽ സംഭവിച്ച നഷ്ടം ഗ്രാമപഞ്ചായത്തിന് ഒഴിവാക്കാമായിരുന്നു. ഇത്തരത്തിൽ വിഭജിച്ച സ്റ്റോർ സമാഹരണം നടത്തിയത് 2013-ലെ സ്റ്റോർ പർച്ചെയ്സ് മാന്യവൽ ഖണ്ഡിക 7-2ലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള ജാഗ്രത പുലർത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണ്

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച 30-05-2009 ലെ സർക്കാർ ഉത്തരവ് നമ്പർ:1275/2009/ത.സ്വ.ഭ.വ. ഖണ്ഡിക:4 പ്രകാരം കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് ചെലവുകൾ എന്നിവ വഹിക്കേണ്ടത് ഗുണഭോക്തൃ സമിതിയാണ്. ഈ കാര്യത്തിന് പഞ്ചായത്ത് തുക ചെലവഴിക്കരുതെന്നും നിർദ്ദേശമുള്ളതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 28.06.2017, 17.10.17 എന്നീ തിയ്യതികളിലെ യഥാക്രമം 18/1, 17 എന്നീ തീരുമാനങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കുടിവെള്ള പദ്ധതികൾ അതാതു പ്രദേശത്തെ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നതിനു തീരുമാനിച്ചിട്ടുള്ളതാണ്. ഇത്തരത്തിലൊരു തീരുമാനം കൈകൊണ്ടിട്ടും കുടിവെള്ള പദ്ധതികളുടെ വൈദ്യുത ചാർജ്ജിനത്തിൽ ₹3,48,143/- ചെലവഴിച്ചതായി പ്രസ്തുത ഇനത്തിന്റെ 2017-18 വർഷത്തെ ലെഡ്ജറിൽ കാണുന്നു. ഈകാര്യത്തിലുള്ള വിശദീകരണം അറിയിക്കുന്നതിനാവശ്യപ്പെട്ടു കൊണ്ടുള്ള 29-10-2018ലെ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതുമാണ്. ഗ്രാമപഞ്ചായത്തിന്റെ കണ്ടിജന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 16 കുടിവെള്ള പദ്ധതികൾക്കാണ് കറന്റ് ചാർജ്ജ് അടവാക്കി വരുന്നത്. മേൽ പറഞ്ഞ ഭരണസമിതി തീരുമാനം നടപ്പിലാക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതുമാണ്.

## 3-11 ഗ്രാമ പഞ്ചായത്തിന്റ ഉടമസ്ഥതയിലുള്ള KL-08-BA5490 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

ഔദ്യോഗിക വാഹനത്തിന്റെ പരിപാലനം സംബന്ധിച്ചുള്ള 30.06.2007 ലെ സർക്കാർ ഉത്തരവ് ജി.ഓ.(എം.എസ്)170/07 ത.സ്വ.ഭ.വ., ധനകാര്യ വകുപ്പിന്റെ 02.08.2008 തിയ്യതിലെ സർക്കുലർ

നം.41/2008/ധനം. എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള ഇന്ധന ക്ഷമത സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെങ്കിലും, മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഡീസലിന്റെ ഓഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും, എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുയൽ രജിസ്റ്റർ എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചുവരുന്നില്ല. ഇന്ധനത്തിന്റെ ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പല ദിവസങ്ങളിലേയും ഇന്ധനം നിറയ്ക്കുന്നതിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരങ്ങൾ താഴെ ചേർക്കുന്നു.

| പേമെന്റ് ഓർഡർ നം. | വൗച്ചർ നം | തിയ്യതി | ഇന്ധനം നിറച്ചതിന്റെ വിവരം | |
|---|---|---|---|---|
| | | | തിയ്യതി | അളവ് |
| 51701104 | 21701104 | 09-03-18 | 14-2-18 | 50.85 |
| | | | 18-02-18 | 28.67 |
| | | | 28.02-18 | 50 |

മേൽ ഉത്തരവിലും, സർക്കുലറിലും നിർദ്ദേശിച്ച പ്രകാരം രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഇ.കെ നായനാർ ഭവനപദ്ധതി-പരാമർശങ്ങൾ

1. ഗുണഭോക്താവിന് അനർഹമായി അനുവദിച്ച തുക തിരികെ ഈടാക്കിയത് നാളിതുവരെ ലോൺ അക്കൗണ്ടിൽ തിരിച്ചടച്ചിട്ടില്ല

2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റിൽ ഇ.കെ.നായനാർ ഭവനനിർമ്മാണപദ്ധതിയിലെ ഗുണഭോക്താവിന് അധികമായി അനുവദിച്ച 60000/- രൂപ തിരികെ ഈടാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 16/8/17 ൽ ഗുണഭോക്താവ് പ്രസ്തുത തുക ജില്ലാസഹകരണ ബാങ്കിൽ വി.ഇ.ഒയുടെയും പ്രസിഡന്റിന്റെയും സംയുക്ത അക്കൗണ്ടിലാണ് നിക്ഷേപിച്ചത്.(അക്കൗണ്ട് നം.80008777630).മേൽ തുക നാളിതുവരെ ഇ.കെ നായനാർ പദ്ധതിയുടെ ലോൺ അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടില്ല.(അക്കൗണ്ട് നം.80008966435). തിരികെ അടവാക്കാത്ത തുകയ്ക്ക് പലിശ നൽകേണ്ടി വരുമെന്നതിനാൽ അടിയന്തിരമായി തുക തിരികെ ലോൺ അക്കൗണ്ടിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.അഡ്വാൻസ് തുക അനുവദിച്ച് നാളിതുവരെ തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല.

വാസന്തിമേനോൻ, കല്ലാറ്റുവളപ്പിൽ എന്ന ഗുണഭോക്താവിന് 21.10.17 ൽ ഭവനനിർമ്മാണത്തിനായി 80000/- രൂപ അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ ആയതിനു ശേഷം ഭവനനിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ നടത്തി ഗുണഭോക്താവ് ധനസഹായം നാളിതുവരെ കൈപ്പറ്റിയിട്ടില്ല. തുടർപ്രവർത്തനങ്ങൾ സ്വീകരിക്കാത്ത പക്ഷം അനുവദിച്ച അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഇന്ദിര ബെന്നി, കല്ലറയ്ക്കൽ, ഷേർളി ലൂവീസ് എന്നവർ യഥാക്രമം 22.11.17 ലും, 21.3.18 ലും 140000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്.ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ജില്ലാ/ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ഇല്ല

2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്.

1.ഐ.എം.എ ബ്ലഡ്ബാങ്കിന് വിഹിതം -തുക 100000/- ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (7990114000646)ട്രാൻസ്ഫർ ചെയ്തു(ട്രഷറി ബിൽ നം.15/31.8.17)

2.പി.എം.എ.വൈ(ജനറൽ)-20000/-- പുഴയ്ക്കൽബ്ലോക്ക് പഞ്ചായത്തിന് കൈമാറി(ബിൽ നം.34/14.11.17)

3.പി.എം.എ.വൈ(എസ്.സി)-25500/-- പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറി(ബിൽ നം.48/8.2.18)

കൈപ്പറ്റ് രസീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 145500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 തടപറമ്പ് ഉദയനഗർ പൈപ്പ് ലൈൻ കുടിവെള്ള പദ്ധതി-കരാർ തീയതിക്കു മുമ്പേ തുക കൈമാറി-തുടർപ്രവർത്തികൾക്ക് പ്രൊജക്ട് ഏറ്റെടുത്തിട്ടില്ല.

പ്രൊജക്ട് നം-273/18

ട്രഷറി ബിൽ നം-51/8.2.18 തുക- 165265/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

തടപറമ്പ് ഉദയനഗർ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവർത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് 165265/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും, മോട്ടോർ വാങ്ങുന്നതിന് 40000/- രൂപ തനതുഫണ്ടും വകയിരുത്തിയിരുന്നു. തനതുഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ല. കേരളവാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക അക്കൗണ്ട് നം.31733094112 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ വെച്ചിട്ടുള്ളത് 10.5.18 ൽ മാത്രമാണ്.

മേൽ പ്രൊജക്ടിനോടൊപ്പം പ്രൊജക്ട് നമ്പർ 272/18 ആയി തടപറമ്പ് ഉദയനഗർ പൈപ്പ് ലൈൻ കുടിവെള്ള പദ്ധതിക്ക് പമ്പ്സെറ്റ് വാങ്ങൽ (തനത് ഫണ്ട്-60000/-) പ്രൊജക്ട് ഏറ്റെടുത്തെങ്കിലും നടപ്പാക്കിയിട്ടില്ല. 2018-19 ൽ അസി.എഞ്ചിനീയർ, സെക്രട്ടറി തുടങ്ങിയവരുടെ പ്രൊജക്ട് ലിസ്റ്റിൽ ഈ പദ്ധതി ഉൾപ്പെടുത്തിയതായി കാണുന്നില്ല.

പൈപ്പ് ലൈൻ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവൃത്തിപൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. തുടർ പ്രവർത്തനങ്ങൾക്ക് പ്രൊജക്ട് ഏറ്റെടുക്കാതിരുന്നാൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുകയില്ല എന്നതിനാൽ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 165265/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ്-രേഖകളില്ലാതെ തുക അനുവദിച്ചു

പ്രൊജക്റ്റ് നം-177/18

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം26/24.10.17 തുക-25000/-

5.10.17 ലെ എ2-179/17 ക്വട്ടേഷൻ നോട്ടീസ് പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷനുകളിൽ അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ കുറവു തുക രേഖപ്പെടുത്തിയ (ഒരെണ്ണത്തിന്റെ നിരക്ക് രേഖപ്പെടുത്തിയിട്ടില്ല) ശ്രീ.സുനിൽ.പി.ആർ,നന്ദു ഇലക്ട്രിക്കൽസ്, എം.ജി കാവ് എന്നയാളുടെ അക്കൗണ്ടിലേക്ക് (നം.018505300008770) തുക ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. എന്നാൽ ഏതെല്ലാം പോസ്റ്റുകളിലാണ് ഹൈമാസ്റ്റ് സ്ഥാപിച്ചിരിക്കുന്നത്, ഏതെല്ലാമാണ് റിപ്പയർ ആവശ്യമായത് എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല

ഏതെല്ലാം പോസ്റ്റുകളിൽ എത്ര എണ്ണം ഹൈമാസ്റ്റ് റിപ്പയർ ചെയ്തു എന്നീ വിവരങ്ങൾ ഹാജരാക്കാതെ കരാറുകാരന് തുക അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-16 എസ്.എസ്.എ- സർക്കാർ സ്കൂളുകൾ ഇല്ലെങ്കിലും വിഹിതം അനുവദിക്കുന്നു- നടപ്പാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയില്ല.

നിർവ്വഹണം-സെക്രട്ടറി

പ്രൊജക്റ്റ്.നം-4/18

ട്രഷറി ബിൽ നം-4/22.7.17 തുക-300000/-

ജി.ഒ(എം.എസ്) നം.72/17/ത.സ്വ.ഭ.വ തിയതി 29.3.17 ഖണ്ഡിക നം.11.3,12.9 എന്നിവ പ്രകാരം എസ്.എസ്.എയ്ക്ക് എല്ലാ വർഷവും ഗ്രാമപഞ്ചായത്ത് തുക കൈമാറി വരുന്നു. എന്നാൽ സർക്കാർ സ്കൂൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിൽ എസ്.എസ്.എ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ ഗ്രാമപഞ്ചായത്തിനില്ല. വിദ്യാഭ്യാസം, സംസ്കാരം, കല എന്നീ വിഷയങ്ങൾ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ഇതു സംബന്ധിച്ച പരാമർശം രേഖപ്പെടുത്തി കാണുന്നു. തൻവർഷം അടവാക്കിയ തുകയുടെ കൈപ്പററ് രസീതി, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

എസ്.എസ്.എയുടെ അക്കൗണ്ടിലേക്ക് (നം.0720101066685) തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 5/2/18 ലെ നം.എ2-179/18 കത്ത് മുഖേന എസ്.എസ്.എ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക മേൽ തീയതി വരെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ലെന്ന വിവരം അറിയിച്ചു കൊണ്ട് മെഡിക്കൽ കോളേജ് സബ്ട്രഷറി ഓഫീസർക്ക് കത്തു നൽകിയതായി കാണുന്നു. ഈ കത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. എസ്.എസ്.എ അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങളോടൊപ്പം തുകയുടെ കൈപ്പററ് രസീതി, ചെലവു സ്റ്റേറ്റ്മെന്റ്, തുകയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 300000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ

<u>അടിസ്ഥാനത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക അടവാക്കി</u>

പ്രൊജക്ട് നം-334/18

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം-78/16.3.18 തുക-27900/-

അഞ്ചീട്ടി ആലുക്ക റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തിക്കു വേണ്ടി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 30000/- രൂപ വകയിരുത്തി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. 20.2.18 ലെ എ2-179/18 പ്രകാരം കേരളവാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് കത്തയയ്ക്കുകയും, ആയതു പ്രകാരം 27900/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു. എന്നാൽ ട്രഷറിയിൽ നിന്നും തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ അക്കൗണ്ടിലേക്കാണ് (നം.7130114000047) ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.7/26.10.18)
കേരള വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ട തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അനുവദിച്ചതിലൂടെ മേൽ പ്രവൃത്തി ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല എന്ന് വിലയിരുത്താവുന്നതാണ്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് അനുവദിച്ച തുക തിരികെ ഈടാക്കി വാട്ടർ അതോറിറ്റിക്ക് കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 27900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 <u>തെരുവു വിളക്ക് പരിപാലനം- അപാകതകൾ</u>

2017-18 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 2 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1.പ്രൊജക്ട് നം-156/18

ധനകാര്യകമ്മീഷൻ ഗ്രാന്റ്-391770

ട്രഷറി ബിൽനം-46/30.1.18 തുക-296025

ട്രഷറി ബിൽനം-84/23.3.18 തുക-95745

2.പ്രൊജക്ട് നം.-267/18(സ്പിൽ ഓവർ)

ധനകാര്യകമ്മീഷൻ ഗ്രാന്റ്-287120

ട്രഷറി ബിൽ നം.-18/26.9.17

കരാറുകാരൻ-പി.കെ.ഇബ്രാഹിം, പണിക്കവീട്ടിൽ, നാട്ടിക

<u>1.പ്രൊജക്ട് നം-156/18</u>

1) അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതായി കാണുന്നില്ല.

2)കരാറുകാരൻ ഹാജരാക്കിയ വർക്ക് ബില്ലുകളിൽ ബിൽനമ്പറോ,തീയതിയോ രേഖപ്പെടുത്തിയിട്ടില്ല.

3)6.2.18 വരെ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പററിയ സ്റ്റോക്കും,അറ്റകുറ്റപ്പണി നടത്തിയതിന്റെ വിവരവും താഴെ കൊടുക്കുന്നു.

| ഇനം | കൈപ്പ | റിപ്പയർ ചെയ്തത് |
|---|---|---|

| | റ്റിയത് | |
|---|---|---|
| ട്യൂബ് | 1120 | 1200 |
| സി.എഫ്.എൽ | 466 | 553 |

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4.ഒരേ പോസ്റ്റ് നമ്പറിൽ വ്യത്യസ്ത ഇനങ്ങൾ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നു.

| വാർഡ് നം | പോസ്റ്റ് നം | ആദ്യ ബിൽ പ്രകാരം ഇനം/റിപ്പയർ തിയതി(സ്റ്റേറ്റ്മെന്റ്) | രണ്ടാംബിൽ പ്രകാരം ഇനം/റിപ്പയർ തിയതി(സ്റ്റേറ്റ്മെന്റ്) |
|---|---|---|---|
| 10 | KCH12 | LED BULB/28.12.17 | TUBE/26.1.18 |
| 13 | SKP-33 | TUBE/18.1.18 | LED/23.1.18 |
| 5 | PCP-32 | TUBE/29.12.17 | LED/29.1.18 |

ഓരോ വാർഡിലും ഉള്ള പോസ്റ്റുകളിൽ ഏതിനത്തിലുള്ള തെരുവു വിളക്കുകളാണ് നിലവിലുള്ളതെന്ന വിവരം രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കരാറുകാരൻ തയ്യാറാക്കി നൽകിയ പോസ്റ്റുനമ്പർ, ഇനം എന്നിവ സാക്ഷ്യപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്.

5.കരാറുകാരനുമായി ഏർപ്പെട്ട കരാർ ഉടമ്പടി 14.12.17 മുതൽ 1 വർഷ കാലയളവിലേക്കാണ്. 1 വർഷ കാലയളവിലേക്ക് തയ്യാറാക്കിയ എ.എം.സി അടങ്കൽ തുക 2/18 നകം വിനിയോഗിച്ചു. കരാർ കാലാവധിക്കുള്ളിൽ നടത്തുന്ന റിപ്പയറിംഗിന് സ്പിൽ ഓവറായി വീണ്ടും പ്രൊജക്ട് തയ്യാറാക്കേണ്ടതാണ്. ആയതിനു മുന്നോടിയായി തെരുവുവിളക്കുകളുടെ കൃത്യമായ കണക്കുകൾ ശേഖരിക്കേണ്ടതാണ്.

6.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 7.11.17 ലെ 177/ഡി.എ3/13 സർക്കുലർ പ്രകാരം തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് എ.എം.സി പ്രകാരം പൂർത്തീകരിച്ച ബിൽ ഹാജരാക്കുന്ന മുറയ്ക്ക് 10% റീടെൻഷൻ പിടിച്ചിട്ടുള്ള തുകയാണ് കരാറുകാരന് നൽകേണ്ടത്. ആയത് പാലിച്ചിട്ടില്ല.

2.പ്രൊജക്ട് നം-267/18

1.ശ്രീ.പി.കെ ഇബ്രാഹിമിന്റെ പേരിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 30000/- രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റ് രസീതി(നം.0101024893,നാട്ടിക സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്) ഫയലിൽ

സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ കാലാവധി 6.2.17 മുതൽ 6.2.18 വരെയാണ്. 26.9.17 ൽ കരാർ തുക അനുവദിച്ചതിനു ശേഷവും ഫിക്സഡ് ഡെപ്പോസിറ്റ് രസീതി ഫയലിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.കരാർ തുക അനുവദിച്ചപ്പോൾ ഈടാക്കേണ്ട 1% ഇൻകംടാക്സ് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.9/27.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-19 പെയിൻ & പാലിയേറ്റീവ് ഹോംകെയർ വാഹനവാടക- ക്വട്ടേഷൻ തുക പരിഗണിക്കാതെ ദിവസവാടക അനുവദിച്ചു.

പ്രൊജക്ട് നം-292/18

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം

2017-18 സാമ്പത്തികവർഷം പെയിൻ & പാലിയേറ്റീവ് കെയർ, വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ടിൽ വികസനഫണ്ടിൽ നിന്നും 347969/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 67657/- രൂപയും, ജില്ലാപഞ്ചായത്തിൽ നിന്നും 100000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഹോംകെയറിന്റെ ഭാഗമായി നടക്കുന്ന ഗൃഹസന്ദർശനങ്ങൾക്ക് വാഹനം വാടകയ്ക്ക് ലഭിക്കുന്നതിനായി 2017 ഏപ്രിൽ മുതൽ 2017 സെപ്റ്റംബർ വരെയുള്ള കാലയളവിലേക്കും, 2017 ഒക്ടോബർ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിലേക്കും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. ക്വട്ടേഷനിൽ വെയിറ്റിംഗ് ചാർജ് ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നത്. ആയതു പ്രകാരം 3 ക്വട്ടേഷൻ ലഭിച്ചതിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ബാബു.കെ, കടപ്ലാക്കൽ ഹൗസ്, പൂമല എന്നവരുടെ ക്വട്ടേഷൻ താഴെ പറയും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

വാഹനം-KL8D-3328(മഹീന്ദ്ര ജീപ്പ്)

| കി.മീ | നിരക്ക് |
|---|---|
| 15-24 | 800 |
| 25-34 | 900 |
| 35-44 | 1000 |
| 45 കിമീറ്ററിനു മുകളിൽ | 1100 |
| വെയ്റ്റിംഗ് ചാർജ് | 50/- |

2017-18 സാമ്പത്തികവർഷം ഈ നിരക്ക് പരിഗണിക്കാതെ വാഹനവാടക അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ട്രഷറി/ വൗച്ചർ നം /തിയതി | തിയതി | കി.മീ | അനുവദിച്ച തുക | അനുവദിക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 48/31.8.17<br>തുക-62400/- | 4.4.17,6.4.17,<br>11.4.17,18.4.17, | 25-34 | 21*1000= 21000<br>2x1100=2200ആകെ -23200 | 23x900=20700 | 2500 |

| | | | | | |
|---|---|---|---|---|---|
| | 20.4.17,25.4.17,<br>27.4.17,28.4.17,<br>4.5.17,9.5.17,<br>11.5.17,12.5.17,<br>18.5.17,20.5.17,<br>23.5.17,27.5.17,<br>3.6.17,6.6.17,<br>8.6.17,9.6.17,<br>15.6.17,22.6.17,<br>29.6.17(22 ദിവസം) | | | | |
| | 21.4.17,6.5.17,<br>16.5.17,30.5.17,<br>13.6.17,17.6.17,<br>20.6.17,26.6.17 | 15-24 | 8x1000= 8000 | 8x800=6400 | 1600 |
| 50/25.9.17 തുക-42900/- | 7.7.17,8.7.17,11.7.17,15.7.17,18.7.17,<br>22.7.17,27.7.17,<br>8.8.17,<br>17.8.17, | 25-34 | 9x1000=9000 | 9x900=8100 | 900 |
| | 21.7.17,1.8.17,<br>4.8.17,15.8.17,<br>19.8.17,<br>24.8.17,26.8.17,<br>29.8.17 | 15-24 | 8x1000=8000 | 8x800=6400 | 1600 |
| | 13.7.17 | 25-34 | 1x1100=1100 | 1x900=900 | 200 |
| 51/19.10.17 തുക-41830/- | 2.9.17,15.9.17,<br>19.9.17,21.9.17,<br>23.9.17<br>29.9.17 | 15-24 | 6x1000=6000 | 6x800=4800 | 1200 |
| | 12.9.17,14.9.17,<br>26.9.17, | 25-34 | 3x1000=3000 | 3x900=2700 | 300 |

| | | | | | |
|---|---|---|---|---|---|
| 52/10.11.17 രുക-25470/- | 3.10.17,6.10.17,<br>9.10.17,12.10.17,<br>19.10.17,21.10.17,<br>24.10.17,<br>26.10.17,31.10.17 | 25-34 | 9x1000=9000 | 9x900=8100 | 900 |
| | 14.10.17,28.10.17 | 15-24 | 2*1000=2000 | 2*800=1600 | 400 |
| 53/12.1.18 രുക-55000/- | 3.11.17,9.11.17<br>10.11.17,14.11.17<br>16.11.17,18.11.17<br>25.11.17,28.11.17 | 25-34 | 8x1000=8000 | 8x900=7200 | 800 |
| | 7.11.17,21.11.17,<br>23.11.17,30.11.17 | 15-24 | 4x1000=4000 | 4x800=3200 | 800 |
| 7150/-(vr.no.21700999 /3.2.18)-dist panchayath | 26.12.17 | 25-34 | 1x1000=1000 | 1x900=900 | 100 |
| | 28.12.17,30.12.17 | 15-24 | 2x1000=2000 | 2x800=1600 | 400 |
| 57/30.1.18 രുക-24400/- | 5.12.17,7.12.17<br>14.12.17,16.12.17 | 15-24 | 4x1000=4000 | 4x800=3200 | 800 |
| | 8.12.17,12.12.17<br>19.12.17,21.12.17<br>23.12.17 | 25-34 | 5x1000=5000 | 5x900=4500 | 500 |
| 29250/-(vr.no.21701046 /26.2.18)-dist panchayath | 2.1.18,16.1.18, | 15-24 | 2x1000=2000 | 2x800=1600 | 400 |
| | 4.1.18,6.1.18<br>9.1.18,12.1.18<br>18.1.18,20.1.18,<br>23.1.18,27.1.18<br>29.1.18 | 25-34 | 9x1000=9000 | 9x900=8100 | 900 |
| vr.no.21701183/ 16.3.18-39607/-(block panchayath) | 27.2.18 | 15-24 | 1x1000=1000 | 1x800=800 | 200 |
| | 1.2.18,3.2.18<br>6.2.18,8.2.18<br>10.2.18,12.2.18,<br>13.2.18,16.2.18<br>20.2.18,22.2.18 | 25-34 | 11x1000=11000 | 11x900=9900 | 1100 |

| | | | | | |
|---|---|---|---|---|---|
| | 23.2.18 | | | | |
| vr.no.21701368/27.3.18 28050/- (block panchayath) | 26.3.18 | 15-24 | 1x1000=1000 | 1x800=800 | 200 |
| | 2.3.18,6.3.18 9.3.18,12.3.18 16.3.18,17.3.18 20.3.18,22.3.18, 23.3.18 | 25-34 | 9x1000=9000 | 9x900=8100 | 900 |
| | | | | ആകെ | 16700/- |

ക്വട്ടേഷനിൽ നിന്നും വ്യത്യസ്തമായി അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

കൂടാതെ പ്രൊജക്റ്റ് നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ട്രിപ് ഷീറ്റുകളിൽ ചിലതിൽ കി.മീ ദൂരം രേഖപ്പെടുത്തിയിട്ടില്ല.ഉദാ-297.17,31.8.17,29.9.17,17.10.17

2.ഒരേ കി.മീ ദൂരംതന്നെ വ്യത്യസ്ത തീയതികളിൽ ചേർത്തിരിക്കുന്നു.

| തിയതി | ആരംഭം | അവസാനം | ദൂരം |
|---|---|---|---|
| 21.11.17 | 80026 | 80058 | 28 കി.മീ |
| 23.11.17 | 80026 | 80058 | 28 കി.മീ |
| 20.3.18 | 81615 | 81645 | 30 കി.മീ |
| 22.3.18 | 81615 | 81645 | 30 കി.മീ |

ട്രിപ്പ്ഷീറ്റുകളിൽ കൈപ്പറ്റിയ തുക രേഖപ്പെടുത്താനാണ് അധികവും ശ്രദ്ധിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.15/30.10.18)

## 3-20 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ-ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം-308/18

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം, പൂമല

ട്രഷറി ബിൽ നം.63/28.3.18 തുക-278000

ജില്ലാപഞ്ചായത്ത് വിഹിതം- 139000

ആകെ 417000/-

1.നാളിതുവരെ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷം ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ വാങ്ങി നൽകുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ 7 പേരുടെ ഗുണഭോക്തൃലിസ്റ്റും, ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ 12 പേരുടെ ഗുണഭോക്തൃലിസ്റ്റും പരിശോധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ലിസ്റ്റിലെ ഗുണഭോക്താക്കൾക്കു വേണ്ടി 16.2.18 ൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും വിദഗ്ദ ഡോക്ടർമാരുടെ സംഘം പരിശോധിച്ച് വാഹനം ഓടിക്കാൻ പ്രാപ്തരാണെന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അർഹരാണെന്ന് ബോധ്യപ്പെട്ട 6 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വാങ്ങി നൽകുന്നതിന് 8.2.18 ലെ 21(27) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ച് നിർവ്വഹണത്തിനായി മെഡിക്കൽ ഓഫീസർക്ക് കൈമാറുകയുണ്ടായി.

കെൽട്രോൺ കൺട്രോൾസ് അരൂരിൽ നിന്നും ഇൻവോയ്സ് നമ്പർ PR/78/17-18 LF/തീയതി 26.3.18 പ്രകാരം Motorised Trycycle For Differently abled(Hero pleasure scooter,102 cc with side wheel attachment,transportation to various local bodies,insurance and registration) 6 സ്കൂട്ടർ നികുതി ഉൾപ്പെടെ 417000/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.(ഒരെണ്ണത്തിന് 69500/- രൂപ)

ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | താൽക്കാലിക രജിസ്ട്രേഷൻ നം |
|---|---|---|
| 1 | വള്ളി നാലുപുരയ്ക്കൽ (52 Yrs) | KL-05AQ.TEMP2393 |
| 2 | പ്രിൻസി അറങ്ങാശ്ശേരി(32Yrs) | KL-05AQ.TEMP2362 |
| 3 | മണി.പി.എസ്,പഴമുക്കിൽ(28) | KL-05AQ.TEMP2329 |
| 4 | ഷിന്റോ വടക്കേത്തല(22) | KL-05AQ.TEMP2402 |
| 5 | രവീന്ദ്രൻ,വെണ്ണാരത്തിൽ(60) | KL-05AQ.TEMP2404 |
| 6 | എം.എൻ.അന്തോണി,മുട്ടത്ത്(60) | KL-05AQ.TEMP2289 |

Temporary registration ന്റെ കാലാവധി 19.3.18 മുതൽ 17.4.18 വരെ മാത്രമായിരുന്നു.എന്നാൽ നാളിതുവരെ മേൽപറഞ്ഞ ഗുണഭോക്താക്കൾ വാഹനത്തിന്റെ രജിസ്ട്രേഷൻ ബുക്ക് നിർവ്വഹണോദ്യാഗസ്ഥന് കൈമാറിയിട്ടില്ല. കൂടാതെ വാഹനം ഓടിക്കാൻ ഏറ്റവും അത്യാവശ്യമായ ലൈസൻസും നാളിതുവരെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല.

വാഹനം ഓടിക്കാൻ പ്രാപ്തരാണെന്ന മെഡിക്കൽ സംഘത്തിന്റെ റിപ്പോർട്ടു പ്രകാരം തെരഞ്ഞെടുത്ത മേൽ ഗുണഭോക്താക്കൾക്ക് നാളിതുവരെ ലൈസൻസ് ലഭിച്ചിട്ടില്ലെങ്കിൽ അവരെ സഹായിക്കുന്നതിന് നൽകിയ വാഹനം അവർക്ക് പ്രയോജനപ്പെടുന്നില്ല എന്നാണ് അനുമാനിക്കേണ്ടത്. ആയതിനാൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2.ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരിയാണെന്നു തെളിയിക്കുന്നതിനുള്ള രേഖകളില്ല.

ജില്ലാപഞ്ചായത്ത് മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയ സ്കൂട്ടറിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട പ്രിൻസി .എ.എഫ്,അറങ്ങാശ്ശേരി എന്ന ഗുണഭോക്താവ് ഹാജരാക്കിയ സാക്ഷ്യപത്രങ്ങളിലെ രേഖപ്പെടുത്തൽ പ്രകാരം ഗുണഭോക്താവ് കോലഴി ഗ്രാമപഞ്ചായത്തിലെ

താമസക്കാരിയാണ്.മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരിയാണോ എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

| | | | | |
|---|---|---|---|---|
| റേഷൻ കാർഡ് | കെട്ടിടനമ്പർ 03/58,അറങ്ങാശ്ശേരി ഹൗസ്,തിരൂർ, കോലഴി ഗ്രാമപഞ്ചായത്ത് | 1841038802 | 15.3.2017ൽ ഇഷ്യൂ ചെയ്തത് | കോലഴി ഗ്രാമപഞ്ചായത്ത് |
| തിരിച്ചറിയൽ കാർഡ് | 7(4/58)അറങ്ങാശ്ശേരി ഹൗസ്, കോലഴി ഗ്രാമപഞ്ചായത്ത് | LJL 1706365 | 14.10.2005 ൽ ഇഷ്യൂ ചെയ്തത് | കോലഴി ഗ്രാമപഞ്ചായത്ത് |
| ആധാർ കാർഡ് | തേർമഠം ഹൗസ്, കോലഴി, മുളംകുന്നത്തുകാവ് | 7513 9952 5975 | 28.3.16 ൽ ഇഷ്യൂ ചെയ്തത് | കോലഴി |

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ തിരൂർ ഉൾപ്പെടുന്ന വാർഡ് 9 ലെ ഗ്രാമസഭ മിനിറ്റ്സ്ൽ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട 8/17 ലെ ഗ്രാമസഭയിൽ മേൽ ആവശ്യത്തിനായി ആരെയും പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ ഗുണഭോക്താവ് മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളോടൊപ്പം കോലഴി ഗ്രാമപഞ്ചായത്തിൽ നിന്നും ഭിന്നശേഷിക്കാർക്ക് അനുവദിക്കുന്ന ധനസഹായം കൈപ്പറ്റിയിട്ടില്ല എന്നു തെളിയിക്കുന്നതിനുള്ള രേഖകളും ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നതു വരെ ഗുണഭോക്താവിന് അനുവദിച്ച സ്കൂട്ടറിന്റെ വില 69500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-21 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു

ആശ്രയ പദ്ധതി സംബന്ധിച്ച് നാളിതുവരെയുള്ള ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനത്തിന്റെ സംക്ഷിപ്തം (02-11-18 ലെ 30-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് കുടുംബശ്രീ സി.ഡി.എസ് മെമ്പർ സെക്രട്ടറി നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ) താഴെ ചേർക്കുന്നു.

| | | 1st പ്രോജക്ട് | 2nd പ്രോജക്ട് | തുടർ സേവനം |
|---|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 71 | 41 | 49 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 186 | 86 | 110 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 19 | 15 | 110 |
| 4 | നാളിതുവരെ ലഭിച്ചവർ | 0 | 0 | 0 |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 30 | 27 | 5 |

| | | | | |
|---|---|---|---|---|
| 6 | നാളിതുവരെ ലഭിച്ചവർ | 5 | - | - |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 33 | 13 | 6 |
| 8 | നാളിതുവരെ ലഭിച്ചവർ | 0 | 0 | 0 |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | 6 | 26 | - |
| 10 | നാളിതുവരെ ലഭിച്ചവർ | 0 | 0 | 0 |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 33 | 26 | 11 |
| 12 | നാളിതുവരെ ലഭിച്ചവർ | 6 | - | - |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | 7 | 13 | - |
| 14 | നാളിതുവരെ ലഭിച്ചവർ | 1 | | |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 71 | 41 | 49 |
| 16 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | 71 | 41 | 49 |

ആശ്രയ പദ്ധതിയ്ക്കായുള്ള കനറാ ബാങ്ക്, മുളങ്കുന്നത്തുകാവ് ശാഖയിലെ 0751101034570 നമ്പർ അക്കൗണ്ട് പ്രകാരം 31.03.18 ലെ ബാലൻസ് ₹7,04,215/- ആണ്

2017-18 വർഷത്തിൽ, ആശ്രയ പദ്ധതി രണ്ടാം ഘട്ടത്തിനായി പ്രോജക്റ്റ് നമ്പർ:284-ൽ ₹1,50,000/-, പ്രോജക്റ്റ് നമ്പർ: 295-ൽ ₹2,50,000/-യും വകയിരുത്തിയിരുന്നതാണ്. എന്നാൽ മേൽ രണ്ടു പ്രോജക്ടിലും ഒറ്റ രൂപ പോലും 2017-18 വർഷത്തിൽ ചെലവഴിച്ചില്ല. പ്ലാൻ ഫണ്ടിൽ നിന്നുള്ള വരവ് സംബന്ധിച്ച വിവരങ്ങൾ മേൽ പറഞ്ഞ എൻക്വയറിയ്ക്ക് നല്കിയ മറുപടിയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ പ്ലാൻഫണ്ട് ചലഞ്ച് ഫണ്ട് ഇനങ്ങളിലുള്ള വരവു ചെലവുകളുടെ വ്യക്തമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

2017-18-ലെ വാർഷിക പദ്ധതി രേഖയിലെ ദാരിദ്ര്യലഘൂകരണം സംബന്ധിച്ച അവലോകനത്തിൽ ഭൂമിയും വീടും നൽകാൻ ശേഷിക്കുന്ന ആശ്രയ ഗുണഭോക്താക്കൾക്ക് ഭൂമിയും, വീടും നല്കാൻ കഴിഞ്ഞിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

മേൽ പരാമർശിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ, സമൂഹത്തിലെ ഏറ്റവും താഴെതട്ടിലുള്ളവരായ ആശ്രയ ഗുണഭോക്താക്കൾക്കായി ആസൂത്രണം ചെയ്തുനടപ്പിലാക്കേണ്ട അടിസ്ഥാന (അവശ്യ) സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടു എന്ന് കാണാവുന്നതാണ്. എല്ലാ വാർഷിക പദ്ധതികളിലും നിശ്ചിത ശതമാനം ഫണ്ടുവിഹിതം നിർബന്ധമായി ആശ്രയ ഗുണഭോക്തൾക്കായി മാറ്റി വെയ്ക്കുന്നതിനുള്ള നിർദ്ദേശം ഉള്ളതാണ്. ഗ്രാമപഞ്ചായത്തിൽ ഈ ഇനത്തൽ എല്ലാ വർഷവും പദ്ധതി തയ്യാറാക്കാറുണ്ടെങ്കിലും ആയത് ആശ്രയ ഗുണഭോക്താക്കൾക്കായി ചെലവഴിക്കുന്നില്ല എന്നും കാണാവുന്നതാണ്. ഈ അവസ്ഥയക്ക് മാറ്റം വരുത്തേണ്ടതും, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള ഈ ദുർബല ജനവിഭാഗത്തിന്റെ ക്ഷേമത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ സവിശേഷശ്രദ്ധ പതിയേണ്ടതുമാണ്.

## 3-22 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-അർഹമായ തുക വകയിരുത്തിയിട്ടില്ല

പ്രൊജക്ട് നം-169/18

ട്രഷറി ബിൽ നം-19/22.3.18 തുക-150000/-

നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി ഇനത്തിൽ 150000/- രൂപ 109 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ഒരു ഹെക്ടറിന് 3000/- രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്.തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)80/2017 ത.സ്വ.ഭ.വ തിയതി.3.4.17) ഖണ്ഡിക 8.1 പ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി ഹെക്ടറിന് 17000/- രൂപ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൽ നിന്നും വ്യത്യസ്തമായി വളരെ കുറഞ്ഞ തുക മാത്രം വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. അർഹരായ ഗുണഭോക്താക്കൾക്ക് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-23 വാഴകൃഷി വികസനം-സബ്സിഡിയുടെ പരിധിയിൽ അധികരിച്ച് തൈകൾ വിതരണം ചെയ്തു

പ്രൊജക്ട്-103/18

വികസനഫണ്ട്-50000/-

ട്രഷറി ബിൽ നം/തിയതി-3/6.1.18 തുക -50000/-

നിർവ്വഹണം-കൃഷി ഓഫീസർ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)80/2017 ത.സ്വ.ഭ.വ തിയതി.3.4.17) ഖണ്ഡിക 8.1.3 പ്രകാരം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, പച്ചിലവളവിത്തുകൾ, ഭക്ഷ്യവിളകളുടെ വിത്തുകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യൂവാഴ, കുരുമുളക് തൈകൾ എന്നിവ പൊതു വിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം എന്നിവർക്ക് 100% സബ്സിഡി നിരക്കിൽ അനുവദിക്കാവുന്നതാണ്. എന്നാൽ സബ്സിഡി പരിധി 3500/- രൂപയിൽ അധികരിക്കാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. കർഷകൻ നിർദ്ദിഷ്ട വിത്തുകളും തൈകളും ഉപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തുകളുടെ അളവും തുകയും

തീരുമാനിക്കേണ്ടത്.

ഒരു ഹെക്ടറിന് 2500 വാഴത്തൈകൾ വാങ്ങുന്നതിനും,ഒരു കർഷകന് പരമാവധി 3500/- രൂപയുടെ നടീൽവസ്തു ലഭ്യമാക്കുന്നതും പ്രൊജക്ടിലെ അധികവിവരങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 21.8.17 ലെ ഭരണസമിതി യോഗത്തിൽ 11 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ സീഡ് പ്രൊസസ്സിംഗ് പ്ലാന്റിൽ നിന്നും ടിഷ്യു കൾച്ചർ വാഴതൈകൾ ഒന്നിന് 20/- രൂപ നിരക്കിൽ 2500 എണ്ണം വാങ്ങുകയും 11 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയും ചെയ്തു.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | സ്ഥലത്തിന്റെ വിസ്തീർണ്ണം (സെന്റിൽ) | കൈപ്പറ്റിയ തൈകൾ | തൈകളുടെ ആകെ വില | സബ്സിഡി അനുവദിക്കാവുന്നത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|---|---|
| 1. | രതീഷ്.പി.എം, പള്ളിപുറത്ത് | 36 | 200 | 200x20=4000 | 3500 | 500(25 തൈകൾ) |
| 2 | ശങ്കരൻകുട്ടി, ശ്രുതിനിലയം | 100 | 300 | 300x20=6000 | 3500 | 2500 (125തൈകൾ) |
| 3. | ഷാജി.ടി.ഒ, തെരുവക്കാട്ടിൽ | 50 | 200 | 200x20=4000 | 3500 | 500(25 തൈകൾ) |
| 4. | ബാലകൃഷ്ണൻ, ഞെള്ളേരി | 116 | 250 | 250x20=5000 | 3500 | 1500(75 തൈകൾ) |
| 5. | വിജയൻ,ഞെള്ളേരി | 123 | 400 | 400x20=8000 | 3500 | 4500(225 തൈകൾ) |
| 6. | ശ്രീധരൻ,ഞെള്ളെരി | 300 | 300 | 300x20=6000 | 3500 | 2500(125 തൈകൾ) |
| 7. | എ.കെ.രാമചന്ദ്രൻ ,അയ്യപ്പൻപറമ്പിൽ | 80 | 200 | 200x20=4000 | 3500 | 500 (25 തൈകൾ) |
| 8 | ദേവസി, ചിറ്റിലപ്പിള്ളി | 60 | 200 | 200x20=4000 | 3500 | 500 (25 തൈകൾ) |
| 9. | പുരുഷോത്തമൻ, നടുവിൽപുരയ്ക്കൽ | 105 | 300 | 300x20=6000 | 3500 | 2500(125 തൈകൾ) |
| | | | | അധികമായി സബ്സിഡി ഇനത്തിൽ അനുവദിച്ച വാഴതൈകളുടെ വില | | 15500(775 തൈകൾ) |
| 10 | രവീന്ദ്രൻ,കുഴിപറമ്പിൽ | 17 | 100 | 100x20=2000 | - | - |
| 11 | ബിന്ദു ബെന്നി ,മങ്ങാട്ട് | 15 | 50 | 50x20=1000 | - | - |
| | | | 2500 | | | |

കർഷകൻ നിർദ്ദിഷ്ട വിത്തുകളും തൈകളും ഉപയോഗിച്ച് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത് എന്നിരിക്കെ മുകളിൽ പറഞ്ഞ രീതിയിൽ സ്ഥലത്തിന്റെ അളവിന് ആനുപാതികമായല്ല തൈകൾ വിതരണം

ചെയ്തതെന്ന് വ്യക്തമാക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.20/31.10.18)

കൃഷി ഓഫീസർ നൽകിയ മറുപടിയിൽ ഗുണഭോക്താവിന് സബ്സിഡിയായി തുക നൽകിയിട്ടില്ല എന്നും, 11 ഗുണഭോക്താക്കൾ മാത്രമുണ്ടായിരുന്നതിനാൽ തൈകൾ ഇറക്കിയ ദിവസം തന്നെ വിതരണം നടത്തിയെന്നും പറയുന്നു. തൈകൾ കൊണ്ടു വരുമ്പോൾ നാശനഷ്ടങ്ങൾ, വാട്ടം എന്നിവ സംഭവിക്കാമെന്നിരിക്കെ ഒരു ഗുണഭോക്താവിന് ഒരു സെന്റിൽ കുറഞ്ഞത് 10 തൈകൾ വെയ്ക്കാം എന്ന വിധത്തിൽ വിസ്തൃതി നോക്കിയാണ് വിതരണം നടത്തിയതെന്നും പറയുന്നു. മേൽ മറുപടി തൃപ്തികരമല്ല.

ഗുണഭോക്താക്കൾ കുറവായ സാഹചര്യത്തിൽ 11 ഗുണഭോക്താക്കൾക്കും കൂടിയുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം, സബ്സിഡി പരിധിക്ക് വിധേയമായി ആകെ വിതരണം ചെയ്യേണ്ട തൈകൾ എന്നിവ കണക്കാക്കി വേണമായിരുന്നു തൈകൾ ഇറക്കേണ്ടിയിരുന്നത് എന്നിരിക്കെ വകയിരുത്തിയ തുകയ്ക്ക് മുഴുവൻ തൈകൾ വാങ്ങി 11 പേർക്കായി വിതരണം ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. സബ്സിഡി നിരക്കിൽ അധികമായി വാഴതൈകൾ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും തൈകളുടെ വിലയായ 15500/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-24 കിണർ റീചാർജിംഗ്- അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ചു

പ്രൊജക്ട്-289/18
ട്രഷറി ബിൽ നം-20/24.3.18-233000
21/28.3.18-191000
24/28.3.18-48000
ആകെ-472000
നിർവ്വഹണം -കൃഷി ഓഫീസർ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)80/2017 ത.സ്വ.ഭ.വ തിയതി.3.4.17) ഖണ്ഡിക 8.3 മണ്ണ് ജലസംരക്ഷണത്തിനായിട്ടുള്ള പ്രൊജക്ടുകളിൽ കിണർ റീചാർജിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 150 ച.മീറ്ററിൽ അധികരിക്കാത്ത വീടുകളോട് ചേർന്ന് തുറന്ന കിണറുകളുള്ള വീടുകൾക്കാണ് ധനസഹായം അനുവദിക്കേണ്ടത്.
പ്രൊജക്ട് ഫയലിൽ വീടുകളുടെ തറവിസ്തീർണം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾ അപേക്ഷയിൽ രേഖപ്പെടുത്തിയ തറവിസ്തീർണം മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. ഡിസൈൻ, എസ്റ്റിമേറ്റ് കോപ്പി ഫയലിലില്ല. ഗുണഭോക്താക്കളുടെ വസ്തുനികുതി സഞ്ചയ പ്രകാരമുള്ള തറവിസ്തീർണം പരിശോധിച്ചതിൽ 2 ഗുണഭോക്താക്കളുടെ വീട് 150 ച.മീ അധികരിച്ചതാണെന്ന് വ്യക്തമായി. വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | കെട്ടിടനം | തറവിസ്തീർണ്ണം | അനുവദിച്ച തുക |
|---|---|---|---|
| ശാന്തകുമാരി,കല്ലാറ്റ് | 11/20 | 186 $m^2$ | 8000 |
| ദിലീപ് കുമാർ,കോന്നംപറമ്പിൽ | 4/87 | 156.05 $m^2$ | 8000 |
| | | | 16000 |

അനർഹമായി അനുവദിച്ച ധനസഹായം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-25 പാടശേഖരസമിതികൾക്ക് ട്രാക്ടർ-പരാമർശങ്ങൾ

പ്രൊജക്ട് നം-290/18

നിർവ്വഹണം-കൃഷി ഓഫീസർ

ട്രഷറി ബിൽ നം-5/6.1.18 തുക-98000/-

ചെക്ക് നം.1627847/19.12.17 തുക-700000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

പതിമൂന്നാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ (സ ഉ (എം.എസ്.) 80/2017 തീയതി 03.04.2017) പ്രകാരം തദ്ദേശഭരണസ്ഥാപന തലത്തിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങാൻ എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ കൃഷി ഓഫീസർ നൽകിയ ടി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20 % കുറഞ്ഞ വാടകനിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. മേൽ വ്യവസ്ഥ ഒഴികെ മറ്റു നിബന്ധനകൾ കരാറിൽ ഉൾപ്പെടുത്തി കാണുന്നു. മുളങ്കുന്നത്തുകാവ് നെല്ലുൽപാദന ഏകോപനസമിതിക്ക് ട്രാക്ടർ കൈമാറിയതിന്റെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതും യന്ത്രോപകരണങ്ങളുടെ ലോഗ് ബുക്കും മെയിന്റനൻസ് രജിസ്റ്ററും എഴുതി സൂക്ഷിക്കേണ്ടതുമാണ്. ട്രാക്ടർ ഉപയോഗിച്ചു കൊണ്ടുള്ള കാർഷിക പ്രവൃത്തികൾ 2017വർഷത്തെ പൂർത്തീകരിച്ചതിനാൽ 2017 നവംബറിൽ ലഭിച്ച ട്രാക്ടർ 2018 ഒക്ടോബർ മാസത്തിലാണ് ഉപയോഗിച്ചു തുടങ്ങിയത്. കൃഷി ഓഫീസർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി ട്രാക്ടറിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

# 3-26 കാർഷികമേഖലയിലെ പ്രൊജക്ടുകൾ-തുടർപ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെടേണ്ടതാണ്

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷികപദ്ധതികൾ തയ്യാറാക്കൽ മാർഗ്ഗരേഖ ജി.ഒ(എം.എസ്) 72/2017/ത.സ്വ.ഭ.വ തിയതി 29.3.17ൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട വികസനത്തിന് (ഖണ്ഡിക 12.1.12) ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കാർഷികോത്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രൊജക്ടുകളാണ് ആവിഷ്കരിക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2017-18 സാമ്പത്തികവർഷം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ കൃഷി അനുബന്ധമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഉയർന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഓരോ പ്രൊജക്ടിനും വകയിരുത്തിയ തുകയ്ക്ക് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാൽ പ്രൊജക്ടുകളുടെ അടങ്കൽ തുക കുറവ് ചെയ്തിട്ടാണ് മിക്ക പ്രൊജക്ടുകളും നടപ്പാക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ വിളവിസ്തൃതിയും ഉൽപ്പാദനക്ഷമതയും

വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ രീതിയിൽ മേൽ പ്രൊജക്ടുകൾ ഫലപ്രദമായിരുന്നോ എന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണ്. 2017-18 സാമ്പത്തികവർഷം വിത്ത്, തൈ വിതരണം എന്നിവയ്ക്ക് തയ്യാറാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ചെലവ് | വിത്ത്/തൈകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 100/18 | കുറിയ ഇനം തെങ്ങിൻതൈ | 120000 | 400 എണ്ണം | 43 |
| 2 | 103/18 | വാഴകൃഷി വികസനം- ടിഷ്യുകൾച്ചറൽ വാഴതൈ | 50000 | 2500 എണ്ണം | 11 |
| 3 | 105/18 | ഇഞ്ചി കൃഷി വികസനം | 10000 | 200കി.ഗ്രാം | 20 |
| 4 | 107/18 | പുഷ്പകൃഷി വികസനം (കുറ്റിമുല്ല തൈ) | 6500 | 600 എണ്ണം | 6 |
| 5 | 116/18 | കിഴങ്ങ് കൃഷി | 20000 | 140കി.ഗ്രാം-ചേമ്പ്, 260 കി.ഗ്രാം-ചേന | 13 |
| 6 | 279/18 | സുഗന്ധവിളകൃഷി- ജാതി തൈ വിതരണം | 40000 | 80 | 12 |

വിത്ത്, തൈകൾ എന്നിവ വിതരണം ചെയ്തതിനു ശേഷം ഗുണഭോക്താക്കൾ അവ പ്രയോജനകരമായ വിധത്തിൽ ഉപയോഗയോഗ്യമാക്കിയിട്ടുണ്ടോ എന്നത് ആരുംതന്നെ മോണിറ്റർ ചെയ്തതായി കാണുന്നില്ല. കാർഷികമേഖലയിൽ കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രൊജക്ടുകൾ കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-27 റോഡ് പ്രവൃത്തികൾ ഭാഗികമായി ചെയ്തു

ചീഫ് എഞ്ചിനീയറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷം മുതൽ WBM റോഡ് സോളിങ്ങ് പ്രവൃത്തികൾ നടത്താൻ പാടുള്ളതല്ല. വെറ്റ് മിക്സായി റോഡ് പ്രവൃത്തി നടത്തുമ്പോൾ സർഫസ് കോഴ്സ് ഒപ്പംതന്നെ ചെയ്യണം എന്നും വെറ്റ് മിക്സ് റോഡ് സർഫസിൽ ഒരു കാരണവശാലും വാഹനഗതാഗതം അനുവദിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി സോളിങ്ങ് പ്രവൃത്തികൾ മാത്രമായി 17-18 വർഷത്തിൽ 13 പ്രോജക്ടുകൾ നടത്തിയിട്ടുണ്ട്. നിലവിൽ WBM റോഡ്

സോളിങ്ങായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് 18-19 വർഷത്തിൽതന്നെ തുടർ പ്രോജക്ടുകൾ വച്ച് പ്രവൃത്തി പൂർത്തികരിക്കും എന്ന് 5.2.17തിയ്യതിയിലെ പഞ്ചായത്തുകമ്മറ്റിയിൽ 18(1)നമ്പർ തീരുമാനം എടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് 25.10.18 ൽ കൊടുത്ത 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ 17-18 വർഷത്തിൽ 11 സോളിങ്ങ് പ്രവൃത്തികൾ ആണ് ഉൾപ്പെടുത്തിയിരുന്നതെന്നും 18-19 ൽ തുടർ പ്രവൃത്തികൾക്കായി ഉൾപ്പെടുത്തിയ 11 പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുകയും ചെയ്തു . എന്നാൽ 11 പ്രവൃത്തികളിൽ രണ്ടു പ്രവൃത്തികൾ (പ്രോജക്ട് നമ്പർ 66,71)17-18 ൽ ഉൾപ്പെട്ടതല്ല. അങ്ങനെ 17-18 ൽ നടത്തിയ 13 പ്രവൃത്തികളിൽ 9 പ്രവൃത്തികൾക്ക മാത്രമേ തുടർ പ്രോജക്ടു വച്ചിട്ടുള്ളു. ഇതു നിലവിലുള്ള ഉത്തരവിനു വിരുദ്ധമാണ്. ഇത്തരത്തിൽ നിലവിലുള്ള ഉത്തരവുകൾക്ക വിരുദ്ധമായി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-28 പൊതുശ്മശാനം നവീകരണം (ഗ്യാസ് ക്രിമറ്റോറിയം) പ്രവൃത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ 39/17

അടങ്കൽ 3102922

കരാർ 67/AE LSGD/MGK dtd 28.3.17

കരാറുകാരൻ എ.വി. അബ്ദുൾഖാദർ

പ്രവൃത്തിമൂല്യം 1121698

ട്രഷറി ബിൽ നമ്പർ 38/18 dtd25.10.17,(946931),

56/18dtd 22.2.18 (174767)

എം.ബി. 50/16-17,16/17-18,17/17-18 , 18/17-18

മേൽ പ്രവൃത്തിയുടെ സിവിൽ വർക്കിന്(ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ) 1259300/- രൂപയും ഫർണസും മറ്റു അനുബന്ധവസ്തുക്കൾ വാങ്ങുന്നതിനും ഇലക്ട്രിഫിക്കേഷനും വേണ്ടി 1843622/- രൂപയുമാണ് വകയിരുത്തിയിരുന്നത്. രണ്ടു ബില്ലുകളിലായി 1121698/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയെ കുറിച്ചുള്ള പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

1)28.3.17.ൽ എഗ്രിമെന്റുവച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു.എന്നാൽ പൂർത്തീകരിച്ചിരിക്കുന്നത് 8.2.18 ലാണ്. (അവസാന അളവെടുത്തിരിക്കുന്നത്).

2)സിവിൽ വർക്കിനുള്ള അടങ്കൽ 1259300/- രൂപ ഇലക്ട്രിഫിക്കേഷനും കൂടിയുള്ളതുകയായിരുന്നു. എന്നാൽ കെട്ടിടം പണി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ഇതിനായി 1121698/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3)പിഴ ഈടാക്കാതെ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള കാലാവധി പഞ്ചായത്തുകമ്മറ്റി തീരുമാനപ്രകാരം (5.12.17ലെ4/14 നമ്പർ) നീട്ടികൊടുത്തുവെന്നാണ് 25.10.18 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

4)പരിശോധനക്ക ലഭ്യമാക്കിയ സപ്ലിമെന്ററി എഗ്രിമെന്റിൽ പ്രവൃത്തിയുടെ പേരോ, എന്തിനുള്ള എഗ്രിമെന്റാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

5)ഫർണസിന്റെ പ്രവൃത്തികൾക്കായുള്ള സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവയൊന്നും തന്നെ നാളിതുവരെ പൂർത്തിയായിട്ടില്ല.

ഇത് ഒരു സ്പിൽ ഓവർ പ്രോജക്ടാണ്. പ്രവൃത്തികൾ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-29 റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല,റോഡ് പൂർണമായി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നില്ല

പുനരുദ്ധാരണം ആവശ്യമായ റോഡുകളുടെ മുഴുവൻ നീളവും കണക്കിലെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയ ഭാഗങ്ങളാക്കി പ്രോജക്ട് തയ്യാറാക്കുന്നതിനാൽ ചെറിയ അടങ്കൽ തുകയുള്ള നിരവധി നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടി വരുന്നതിനാൽ റോഡുകൾ പൂർണമായും സഞ്ചരയോഗ്യമാക്കുവാൻ കഴിയാതെ വരുന്നു. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കണമെന്നാണ് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഈ നിർദ്ദേശം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് പ്രവൃത്തികൾക്ക് ചെറിയ തുകകൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിനാൽ ഓഡിറ്റ് വർഷത്തിൽ 5 ലക്ഷത്തിൽ മേലെ അടങ്കലുള്ള ഒരു പ്രോജക്ടുപോലുമുണ്ടായിരുന്നില്ല. അതുകൊണ്ട് പ്രോജക്ടുകളെല്ലാം ഇ ടെണ്ടറിന്റെ പരിധിയിൽ നിന്ന് ഒഴിവാകുകയും ടെണ്ടർ ഫീയിനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുക ലഭിക്കാതിരിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-30 പൊതുമരാമത്തുപ്രവൃത്തികൾ -അവലോകനം

2017-18 വർഷത്തിൽ 181 പ്രോജക്ടുകൾ വിഭാവനം ചെയ്തു.ഇതിൽ 72 പ്രോജക്ടുകൾ ഉപേക്ഷിക്കുകയും 109 പ്രവൃത്തികൾ നടപ്പാക്കുകയും ചെയ്തു. 37277803 രൂപ വകയിരുത്തിയെങ്കിലും 18504102 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. 18773701 രൂപ ലാപ്സാക്കി. ചെലവു ശതമാനം 49.63 രൂപ മറ്റു വികസന പ്രവൃത്തികൾക്കായി പ്രയോജനപ്പെടുത്താമായിരുന്ന തുകയാണ് ആർക്കും പ്രയോജനപ്പെടാതെ പോയത്. നടപ്പിലാക്കാൻ കഴിയുന്ന പ്രൊജക്ടുകൾ മാത്രം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-31 ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത്

റോഡ് സംരക്ഷണത്തിന്റേയും പരിപാലനത്തിന്റേയും ഭാഗമല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിങ്ങ് നടത്താൻ പാടില്ലെന്ന് 18.9.17ലെ DA.1/672/2017 ത.സ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശത്തിനു വിരുദ്ധമായി ഓഡിറ്റ് വർഷം താഴെ പറയുന്നപ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 38/18 | ചോരത്തടം | 175000 | 174202 | 29/17-18 |

| | | | | | |
|---|---|---|---|---|---|
| | | ചോറ്റുപാറ റോഡ് കോൺക്രീറ്റിങ്ങ് | | | dtd11.8.17 |
| 2 | 41/18 | അത്തെക്കാട് സബ് ലൈൻ റോഡ് കോൺക്രീറ്റിങ്ങ് | 200000 | 198882 | 28/17-18 dtd 11.8.17 |
| 3 | 127/18 | അത്തെക്കാട് സബ് ലൈൻ 4 കോൺക്രീറ്റിങ്ങ് | 169000 | 168552 | 6/17-18 dtd.28.2.18 |
| | ആകെ | | 544000 | 541636 | |

മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 541636 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-32 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. എന്ന് തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പിന്റെ 28.11.2012ലെ 68228/എഫ്.എം1/2012/ തസ്വഭവകുപ്പിന്റെ സർക്കുലറിൽ പറയുന്നുണ്ട്. മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളിലെ കുഴികൾ നികത്തുക, ഉപരിതലം നിരപ്പാക്കുക, ഓടകൾ നിർമ്മിക്കുക വശങ്ങളിൽ ഭിത്തികെട്ടി ശക്തിപ്പെടുത്തുക മുതലായ ആവശ്യങ്ങൾക്കു മാത്രമേ ഫണ്ട് വിനിയോഗിക്കാവൂ എന്നിരിക്കെ ഇതിൽ നിന്നും വ്യത്യസ്തമായി താഴെപറയുന്ന പ്രവൃത്തികൾക്കായി ഫണ്ട് വിനിയോഗിച്ചതായി കാണുന്നു.വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെലവുവിവരം |
|---|---|---|---|---|---|
| 1 | 51/18 | ചോരത്തടംപറമ്പായി റോഡ് മെറ്റലിങ്ങ് ടാറിങ്ങ് കൾവെർട്ട് | 540000 | 520141 | 65/17-18 dtd 12.3.18 |
| 2 | 78/18 | ശങ്കരൻചിറ കുഴിയാലികനാൽ ബണ്ട് കൾവർട്ട് | 500000 | 223242 | 62/17-18 dtd 28.2.18 |
| 3 | 89/18 | കല്ല്യേപ്പടി മെയിൻ റോഡ് കൾവെർട്ട് | 50000 | 49866 | 13/17-18 dtd14.7.17 |
| | | ആകെ | 1090000 | 793249 | |

മാർഗരേഖയ്ക്ക് വിരുദ്ധമായിചെലവഴിച്ച 793249 രൂപ തടസ്സത്തിൽവയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്റ്റിന്റെ പേര്/നമ്പർ | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| Block Panchayat | 2016-17 | 19/17, 116/17 | 12 | 1130000 | 11,30,012 | 11,17,669 | 12,343 |
| | 2017-18 | 290/18, 182/18, 292/18, 11/18 | | | | | |
| District Panchayat | 2016-17 | 116/17, 149/17 | 131544 | 900000 | 10,31,544 | 6,69,531 | 3,62,013 |
| | 2017-18 | 182/18, 292/18, 308/18, 11/18, 152/18 | | | | | |

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ

2017-18 സാമ്പത്തികവർഷം സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണോദ്യോഗസ്ഥർ 10,48,025/-രൂപയുടെ ഡെപ്പോസിറ്റ് വർക്കുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ആയതിന് തൽക്ഷണം വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല. ഈ കണക്കുകൾ വാർഷിക കണക്കിൽ B-18 ഷെഡ്യൂളിൽ പൂർണ്ണമായി ഉൾപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിലെ അപാകതയായി ഭാഗം 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഡെപ്പോസിറ്റ് വർക്കുകളുടെ വിശദാംശം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1320000രൂപ വരവുണ്ട്. മുൻബാക്കി 9960000 രൂപയടക്കം 11280000 രൂപയിൽ 3236189 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.കെ. നായനാർ | | 1,19,60,000 | 99,60,000 (വാർഷിക കണക്ക | 20,00,000 | | 92,80,000 (വാർഷിക |

| ഭവന പദ്ധതി | | | പ്രകാരം) | | | കണക്ക പ്രകാരം) |
|---|---|---|---|---|---|---|

| |
|---|
| ഇ.കെ.നായനാർ ഹൗസിംഗ് ലോണിന്റെ സെക്രട്ടറിയുടെയും, പ്രസിഡന്റിന്റെയും പേരിലുള്ള തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് മെഡിക്കൽ കോളേജ് ബ്രാഞ്ചിലുള്ള 80008966435 അക്കൗണ്ടിന്റെ 31-03-2018 ലെ വർഷാന്ത്യ നീക്കിയിരിപ്പ് ₹9274306 എന്നതും, 2017-18 വാർഷിക കണക്ക പ്രകാരം ഇ.കെ.നായനാർ ഹൗസിംഗ് ലോണിന്റെ വർഷാന്ത്യ നീക്കിയിരിപ്പ് ₹9280000 (ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം) വ്യത്യാസം വിശദീകരിച്ചിട്ടില്ലാത്തതാണ്. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കപ്രകാരം 808/- രൂപ ഈയിനത്തിൽ വരവായി കാണിച്ചിട്ടുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.3 | 2016-17 | | ചാർലി.സി.എൽ. ചെമ്മണ്ണൂർ പോളിമർ പ്രോഡക്സ്, ജോളി.സി.എൽ. ചെമ്മണ്ണൂർ പോളി പ്രോഡക്സ് എന്നീ സ്ഥാപനങ്ങളുടെ | 11602102968/11-01-17, 11602103116, 11602103117/ 27-01-17 പ്രകാരം ഈടാക്കി |

| | | | | | |
|---|---|---|---|---|---|
| | | | | 2014-15 ഒന്നും, രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കാത്ത് സംബന്ധിച്ച് | |
| 2015-16 | 2.7 | 2016-17 | | ഉത്സവബത്ത, ലീവ് സറണ്ടർ, അടിസ്ഥാന ശമ്പളം,ഡി.എ. മറ്റ് അലവൻസുകൾ എന്നിവ ഉൾപ്പെടുത്തി മൊത്ത വരുമാനം രേഖപ്പെടുത്തി തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കാത്ത് സംബന്ധിച്ച് | |
| 2015-16 | 2.7 | 2016-17 | | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി., ഹൈദ്രാബാദ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ 2015-16 ഒന്നാം അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |
| 2015-16 | 2.7 | 2016-17 | | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,73,01,541 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,90,47,257 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,18,200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,82,360 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50,000 | ശ്രീമതി.സഹീറ.പി.പി. ഐ.സി.ഡി. എസ് സൂപ്പർവൈസർ, |
| 3-2 | | 20,000 | ശ്രീമതി.സഹീറ.പി.പി. ഐ.സി.ഡി. എസ് സൂപ്പർവൈസർ, |
| 3-19 | | 16,700 | ഡോ.ശ്രീരാജ്.വി.,മെഡിക്കൽ ഓഫീസർ പി.എച്ച്.സി പൂമല |
| 3-23 | | 15500 | രേഖ സി ആർ, കൃഷി ഓഫീസർ |
| 3-24 | | 16000 | രേഖ സി ആർ, കൃഷി ഓഫീസർ |
| ആകെ | | 118200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 50000 | ശ്രീമതി.സഹീറ.പി.പി. ഐ.സി.ഡി. എസ് സൂപ്പർവൈസർ, |
| 3-7 | 564310 | ശ്രീമതി.മിനിചന്ദ് ആർ.,സെക്രട്ടറി |
| 3-13 | 1,45,500 | ശ്രീമതി.മിനിചന്ദ് ആർ.,സെക്രട്ടറി |

| | | |
|---|---|---|
| 3-14 | 165265 | ശ്രീമതി.മിനിചന്ദ് ആർ.,സെക്രട്ടറി |
| 3-15 | 25,000 | ശ്രീമതി.മിനിചന്ദ് ആർ.,സെക്രട്ടറി |
| 3-16 | 300000 | ശ്രീമതി.മിനിചന്ദ് ആർ.,സെക്രട്ടറി |
| 3-17 | 27,900 | ശ്രീമതി.മിനിചന്ദ് ആർ.,സെക്രട്ടറി |
| 3-20(2) | 69,500 | ഡോ.ശ്രീരാജ്.വി.,മെഡിക്കൽ ഓഫീസർ പി.എച്ച്.സി പൂമല |
| 3-31 | 5,41,636 | ശ്രീ.കെ.കെ.രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-32 | 7,93,249 | ശ്രീ.കെ.കെ.രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2682360 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സഹീറ.പി.പി, ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.സഹീറ.പി.പി. ഐ.സി.ഡി. എസ് സൂപ്പർവൈസർ, സി.ഡി.പി.ഓ.യുടെ ഓഫീസ് പുഴയ്ക്കൽ ബ്ലോക്ക് | ശ്രീമതി.സഹീറ.പി.പി. വലിയകത്ത്, കോരിശ്ശേരി, വെന്മനാട്, പാവർട്ടി |
| ഡോ.ശ്രീരാജ്.വി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പൂമല | ഡോ.ശ്രീരാജ്.വി.,മെഡിക്കൽ ഓഫീസർ പി.എച്ച്.സി പൂമല, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | ഡോ.ശ്രീരാജ്.വി.,ശ്രീരാഗം, മുളങ്കുന്നത്തുകാവ് (പി.ഒ), തൃശ്ശൂർ |
| ശ്രീമതി.രേഖ.സി.ആർ, കൃഷി ഓഫീസർ | രേഖ സി ആർ, കൃഷി ഓഫീസർ, മുണ്ടത്തിക്കോട് കൃഷിഭവൻ | ശ്രീമതി.രേഖ.സി.ആർ, കുന്നത്ത്(വീട്) മണലാറുകാവ്, വിയ്യൂർ (പി.ഒ), തൃശ്ശൂർ |

## **4-10** തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980മുതൽ 1986 വരെ | എൽ എഫ് ടി 9-306/96/6.3.96 |
| 86-87,87-88 | എൽ എഫ് ടി 9-950/91/13.9.97 |

| | |
|---|---|
| 88-89,89-90 | എൽ എഫ് ടി 9-832/92/12.3.93 |
| 90-91,91-92, | എൽ എഫ് ടി 9-617/94/31.5.95 |
| 92-93,93-94 | എൽ എഫ് ടി 9-106/95/17.2.96 |
| 94-95,95-96 | എൽ എഫ് ടി 9-1352/97/17.11.97 |
| 96-97 | എൽ എഫ് ടി 9-1911/97/3.4.98 |
| 97-98 | എൽ എഫ് ടി 9-1277/98/29.6.98 |
| 98-99 | എൽ എഫ് ടി 9-748/2000/10.10.2000 |
| 99-2000ചെലവ്) | എൽ എഫ് ടി 21-951/01/3.7.02 |
| 99-00(വരവ്) | എൽ എഫ് ടി 18-1242/2001/7.8.02 |
| 2000-0101-02 (പ്ലാൻ) | എൽ എഫ് ടി 18-1205/2003/12.5.03 |
| 2000-01 | എൽ എഫ് ടി 18-136/04/17.10.04/11.3.05 |
| 2001-02 | എൽ എഫ് ടി 18-1054/04/15.4.05 |
| 2002-03 | എൽ എഫ് ടി 18-349/05/21.12.057.2.06 |
| 2003-04 | എൽ എഫ് ടി 12-887/06/4.1.0712.7.07 |
| 2004-05 | എൽ എഫ് ടി 12-2358/08/23.6.10 |
| 2005-06 | എൽ എഫ് ടി 12-2359/09/23.6.10 |
| 2006-07 | എൽ എഫ് ടി 12-2360/08/23.6.10 |
| 2007-08 | എൽ എഫ് ടി 12-947/10/19.2.11 |
| 2008-09 | എൽ എഫ് ടി 12-948/10/19.2.11 |
| 2009-10 | എൽ എഫ് ടി (പി6)1606/11/25.1.12/ 18.5.12 |
| 2010-11 | എൽ എഫ് ടി (പി3)2256/12/8.3.13 /12.6.13 |
| 2011-12 | എൽ എഫ് ടി (പി3)1555/13/4.3.14 |
| 2012-13 | എൽ എഫ് ടി (പി3)998/14/9.1.15 |
| 2013-14 | എൽ എഫ് ടി (പി3)569/15/7.9.15 /15.10.15 |
| 2014-15 | കെ എസ് എ ടി എസ് ആർ പി3 /873/16, 1-6-16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി3-1642/16 തിയതി.26.9.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി3-1426/2017 തിയതി.14-09-2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചേർത്ത പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| | | സംക്ഷിപ്തം(AuditedAbstract) |

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ